# അമലദൂത്

AMALADHOOTH

August 2024

CFIC IN INDIA IS A BEACON OF FAITH AND SERVICE. WITH A FOUNDATION ROOTED IN LOVE AND COMPASSION, WE DEDICATE OURSELVES TO CARING FOR THE VULNERABLE AND MARGINALIZED.



FOR PRIVATE CIRCULATION ONLY
VOL. XI
NO. 2

Message From Fr. Provincial Superior 3

അത്ഭുതത്തിന് വിഷയമായ മാതാവ് [Fr. Joseph Padikaramala] 5

സ്വാതന്ത്ര്യത്തിന്റെ മുറിവുകൾ [Fr. Martin Sankoorikal] 9

# Glimpses of the Inauguration of the Bicentenary of the Birth of Blessed Luigi Maria Monti




















## EDITORIAL BOARD

Adviser: Fr. VARGHESE KOCHUPARAMBIL CFIC
Managing Editor: Fr. SHAJI ULLATTIL CFIC
Chief Editor: Fr. JITTO ANTONY CFIC

## ASSOCIATE EDITORS

- Fr. Jijin John
- Br. Dolwin David
- Br. Githin Sebastian
- Br. Anil Alex
- Br. Ajith Benny


AUGUST-SEPTEMBER 2024



# CONTENTS


1. മുഖമൊഴി ..... 02
ഫാ. ജിറ്റോ ആന്റണി CFIC

2. ഈശോമിശിഹായെ തന്നിൽ രൂപപ്പെടുത്തിയ വിശുദ്ധ മദർ തെരേസ ..... 12
പ്രൊഫ. റ്റി.വി. തോമസ്

3. സെന്റ് മേരീസ് കോളേജ്
NAAC A+ നാൾവഴികളും നാഴികകല്ലുകളും ..... 16
ശ്രീമതി ഡാനി കുര്യൻ
(അസി. പ്രൊഫ., സെന്റ് മേരീസ് കോളേജ്, പുത്തനങ്ങാടി)

4. മക്കൾ വിശുദ്ധിയിൽ വളരാൻ ..... 20
ശ്രീമതി മേരിക്കുട്ടി ടീച്ചർ (ക്രിസ്റ്റീൻ മിനിസ്ട്രി)

5. കൃപനിറഞ്ഞ മറിയമേ സ്വസ്തി ..... 23
ബ്ര. സ്റ്റെഫിൻ ജേക്കബ് CFIC

6. ക്രിസ്തുവിന്റെ സ്നേഹിതൻ ..... 25
ബ്ര. അലക്സ് ആന്റണി CFIC

7. അരിമത്തിയായിലെ ജോസഫ് ..... 27
8. ബ്ര. അജിത്ത് ബെന്നി CFIC

9. ഗുരുവിന്റെ മഹത്വം ..... 28
ബ്ര. ജിതിൻ സെബാസ്റ്റ്യൻ CFIC

10. Summer Smiles ..... 29
Br. Tom Shaji CFIC

11. Ripple ..... 31
Br. Sherin Nediyakalayil CFIC

12. 'In Thy light, do we see light.' ..... 32
Br. Antony Kuttikadan CFIC








# സ്വാതന്ത്ര്യത്തിന്റെ പാതയിൽ ചരിക്കുവാൻ ഒരാഹ്വാനം

ഫാ. ജിറ്റോ ആന്റണി CFIC

പ്രിയപ്പെട്ടവരെ, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും 78ാമത് ഇന്ത്യൻ സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകളും നന്മകളും എല്ലാ പ്രിയ വായനക്കാർക്കും സ്നേഹപൂർവ്വം നേരുന്നു. ഈ രാജ്യത്ത് സന്തോഷത്തിലും സമാധനത്തിലും സ്വതന്ത്രമായി ജീവിതം നയിക്കുവാനുള്ള മാനുഷികമായ അവകാശം ഇന്ത്യൻ പൗരന്മാരായ നമുക്ക് ഓരോരുത്തർക്കുമുണ്ട്. ഈ സ്വാതന്ത്രം നമുക്ക് നേടിത്തരാനായി അഹോരാത്രം പ്രയത്നിച്ച് രക്തം ചിന്തി, വിയർപ്പൊഴുക്കിയ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി തുടങ്ങി എല്ലാ മഹാത്മാക്കളെയും സ്വാതന്ത്ര്യസമര പോരാളികളെയും നന്ദിയോടെ നമുക്ക് അനുസ്മരിക്കാം. അവരുടെ കൈപ്പേറിയ ജീവിതാനുഭവത്തിന്റെയും കഷ്ടപ്പാടിന്റെയും ഫലമാണ് ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം. സ്വാതന്ത്ര്യം ഇന്നും ഹനിക്കപ്പെടുമ്പോൾ നമ്മുടെ അവകാശങ്ങൾക്കായി ധീരമായി പോരാടാനും നമ്മുടെ ഭരണഘടനയെ എല്ലാവിധ വിഘടന ചിന്താഗതികളിൽ നിന്നും ധീരതയോടെ കാത്തുസൂക്ഷിക്കുവാനുള്ള ആർജ്ജവത്വം നമുക്കുണ്ടാകണം. അതിനായി ഈ ധീര രക്തസാക്ഷികളുടെയും സ്വാതന്ത്ര്യസമര പോരാളികളുടെയും മാതൃക നമ്മെ പ്രചോദിപ്പിക്കട്ടെ.

''സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം'' (വെളിപാട് 12:1), മാലാഖ വൃന്ദങ്ങൾക്ക് ഉപരിയായി ക്രിസ്തുവിനോടൊപ്പം നിത്യ വിജയത്തിലേക്ക് ഉയർത്തപ്പെട്ട പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് തന്റെ പ്രിയപുത്രൻ ഈശോമിശിഹാ വഴി

> "സ്വാതന്ത്ര്യം ഇന്നും ഹനിക്കപ്പെടുമ്പോൾ നമ്മുടെ അവകാശങ്ങൾക്കായി ധീരമായി പോരാടാനും നമ്മുടെ ഭരണഘടനയെ എല്ലാവിധ വിഘടന ചിന്താഗതികളിൽ നിന്നും ധീരതയോടെ കാത്തുസൂക്ഷിക്കുവാനുള്ള ആർജ്ജവത്വം നമുക്കുണ്ടാകണം. അതിനായി ഈ ധീര രക്തസാക്ഷികളുടെയും സ്വാതന്ത്ര്യസമര പോരാളികളുടെയും മാതൃക നമ്മെ പ്രചോദിപ്പിക്കട്ടെ.

നമ്മെ കൈപിടിച്ച് ഉയർത്തുവാൻ കഴിവുള്ള അമ്മയാണ്.

നമ്മെ കൈപിടിച്ച് ഉയർത്തുവാൻ കഴിവുള്ള അമ്മയാണ്. സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് പരിശുദ്ധ അമ്മയുടെ കരം പിടിച്ച് എത്തിച്ചേരുവാൻ അമ്മയിൽ വിളങ്ങിയിരുന്ന നന്മകൾ നമുക്കും അനുകരിക്കാം. ഗോതമ്പ് അപ്പത്തോളം ചെറുതായ യേശുവിന് ജന്മമേകുവാൻ ഗോതമ്പ് മണിയോളം ചെറുതായ പരിശുദ്ധ അമ്മയുടെ വിനയവും വിശുദ്ധിയും നമ്മുടെയൊക്കെ ജീവിതത്തിൽ ഉണ്ടാകുവാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കാം. ജീവിതത്തിലും മരണത്തിലും മരണത്തിനപ്പുറത്തും സ്വതന്ത്രമായി ചരിക്കുവാൻ നമ്മെ സഹായിക്കുന്ന സ്വർഗ്ഗാരോപിതയായ അമ്മയോട് ചേർന്ന് ജീവിതയാത്ര ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ. എല്ലാ പ്രിയപ്പെട്ട വായനക്കാർക്കും നല്ലൊരു വായനാനുഭവം ആശംസിക്കുന്നു.

ഫാ. ജിറ്റോ ആന്റണി CFIC



# Message From Fr. Provincial Superior

**Fr. Varghese Kochuparambil CFIC**
Provincial Superior

We celebrate in song and ceremony the glorious taking up into heaven, body and soul, of the Blessed Virgin Mary and the Anniversary of the Independence of India, our mother country. In union with all Catholics on earth, we rejoice on this solemnity of our mother. I wish you all a blessed day of celebrations.

God took her up into heaven without waiting for the final resurrection of all bodies. Mary was kept untouched by original sin and the corruption that follows it. Mary is blessed among women. In union with all her loving children, we say, "Blessed are you among women, and blessed is the fruit of your womb." Mary is the true ark who carried the liberator of the world. How precious must she be through all the ages to the chosen people of God. Mary gives a captivating expression to the rising hopes of millions to be free from the exploiting, domineering, and dehumanizing forces. She is the liberated and liberating woman. Mary sings, "He has brought down the powerful from their thrones and lifted up the lowly." (Lk 1:52). How true are these words, my brethren! Our motherland celebrates the anniversary of her independence. It is of great significance

> "today we celebrate a double feast, a feast of two mothers. Mother Mary is glorified in heaven; Mother India is still struggling to find clothing and shelter for many of her children. When we pray to our mother in heaven, let us remember our mother India too.

that she won her freedom on the feast day of the Assumption our Blessed Mother.

Jesus our Lord says, "The truth will make you free." (Jn 8:32) The truth that Jesus proclaims leads us to a harmonious relationship with God. In the interior freedom that he offers, there is enough space for every person to think, act, and grow into perfection. That means freedom from conditioning,



mechanisms, and freedom of choice. As St. Paul says, "Christ has set us free! Stand as free people and do not allow yourselves to become slaves again." Therefore, freedom of individuals and societies is never definitively achieved; it is a value in becoming; it is a process. In a pre-independence poem, Tagore prays for this freedom:

"Where the mind is without fear and the head held high;
Where knowledge is free;
Where the world has not been broken up
Into fragments by narrow domestic walls;
Where words come out from the depts of truth;
Where tireless striving stretches its arms towards perfection;
Where the clear stream of reason has not lost
its way
into the dreary desert sand of dead habit;
Where the mind is led forward by Thee
Into everlasting thought and action –
Into that heaven of freedom, my father,
Let my country awake!"


A nation's ideals and aspirations as a people are set forth in its national anthem. Many nations sing of war and conquest; India sings a hymn to God, as Mary did. Our national anthem is a deeply religious people's song of praise to God. Live up to it!


Well, dear brothers and sisters, today we celebrate a double feast, a feast of two mothers. Mother Mary is glorified in heaven; Mother India is still struggling to find clothing and shelter for many of her children. When we pray to our mother in heaven, let us remember our mother India too. Let us all learn to be humble, thankful, and helpful like Mary so that, following her footsteps on earth, we shall follow her into the glory of heaven.

With prayers and blessings,

Fr. [signature]

**Fr. Varghese Kochuparambil CFIC**
Provincial Superior





# അത്ഭുതത്തിന് വിഷയമായ മാതാവ്

ഫാ. ജോസഫ് പടികരമല
(മൈനർ സെമിനാരി റെക്ടർ, വിജയപുരം രൂപത)

ദൈവീകമായി വെളിപ്പെടുത്തപ്പെട്ടതും സഭയുടെ പ്രബോധനാധികാരം ഔദ്യോഗികമായി പഠിപ്പിക്കുന്നതും എല്ലാ വിശ്വാസികളെയും ബാധിക്കുന്നതുമായ പ്രബോധനങ്ങളാണ് വിശ്വാസ സത്യങ്ങൾ. വിശ്വാസ സത്യങ്ങൾ ദൈവീക വെളിപാടിന്റെ ഭാഗമാണ്. വിശ്വാസത്തിന്റെ ഉള്ളടക്കമാണ് വിശ്വാസ സത്യങ്ങളിലൂടെ വെളിവാക്കപ്പെടുകയും പ്രകടിപ്പിക്കപ്പെടുകയും ചെയ്യുന്നത്. വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവുമാണ് വിശ്വാസ സത്യങ്ങളുടെ ഉറവിടങ്ങളായി കണക്കാക്കപ്പെടുന്നത്. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് നാല് വിശ്വാസ സത്യങ്ങളാണ് സഭ പ്രഖ്യാപിച്ചിട്ടുള്ളത്. ഒന്നാമതായി, മറിയം ദൈവമാതാവാണ്; രണ്ടാമതായി, മറിയം നിത്യകന്യകയാണ്; മൂന്നാമതായി, മറിയം അമലോത്ഭവയാണ്; നാലാ



മതായി, മറിയം സ്വർഗ്ഗാരോപിതയാണ് എന്നതാണ് അവ. ലൂക്കായുടെ സുവിശേഷം 1ാം അദ്ധ്യായം 26 മുതൽ 38 വരെയുള്ള വാക്യങ്ങളിൽ പരിശുദ്ധ മറിയത്തിന് യേശുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൈവദൂതനിൽ നിന്നും സന്ദേശം ലഭിക്കുന്നതു മുതൽ യോഹന്നാന്റെ സുവിശേഷം 19ാം അദ്ധ്യായം 26 ഉം, 27 ഉം വാക്യങ്ങളിൽ യേശു തന്റെ പ്രിയശിഷ്യനായ യോഹന്നാനെ മറിയത്തിനു ഭരമേൽപ്പിക്കുന്നതും തന്റെ മാതാവായ മറിയത്തെ യോഹന്നാനു ഭരമേൽപ്പിക്കുന്നതും യോഹന്നാൻ മറിയത്തെ സ്വന്തം ഭവനത്തിൽ സ്വീകരിക്കുന്നതുവരെയുള്ള സംഭവങ്ങൾ മാത്രമാണ് വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുള്ളൂ. അതിൽക്കവിഞ്ഞ് മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് യാതൊരു തെളിവുകളും വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നില്ല. എന്നിരുന്നാലും സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് ധാരാളം തെളിവുകൾ നമുക്കു കാണുവാൻ കഴിയും.

സഭയുടെ ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകൾവരെ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പ്രത്യക്ഷമായ പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ലായെങ്കിൽപോലും നീസായിലെ വിശുദ്ധ ഗ്രിഗറി പറയുന്നു, മറിയം മാത്രം മരണത്തിനു കീഴ്പ്പെടാതെ നിലകൊണ്ടു. ഇത് മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന്റെ പരോക്ഷമായ തെളിവായി കണക്കാക്കാവുന്നതാണ്. അഞ്ചാം നൂറ്റാണ്ടിൽ തന്നെ സിറിയായിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണം തിരുനാളായി കൊണ്ടാടിയതിന് തെളിവുകളുണ്ട്. ആദ്യനൂറ്റാണ്ടുകളിൽ തന്നെ സഭയിൽ മറിയത്തിന്റെ നിദ്ര എന്ന പേരിൽ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിച്ചതായും പറയപ്പെടുന്നു.

600ാം ആണ്ടിൽ ഓഗസ്റ്റ് 15 ന് മറിയത്തിന്റെ നിദ്ര എന്ന പേരിൽ തിരുന്നാൾ ആഘോഷിക്കണമെന്ന് കോൺസ്റ്റാന്റിനോപ്പിളിലെ മൗരീസ് ചക്രവർത്തി ആവശ്യപ്പെട്ടിരുന്നു. ഈ തിരുനാളിന് പ്രദക്ഷിണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സേർജിയസ് പാപ്പാ നിർദ്ദേശം പുറപ്പെടുവിച്ചു. ജോർദ്ദാനടുത്തുള്ള ലിവിയയിലെ മെത്രാനായ തെയോതെക്നോസ് മാതാവിന്റെ നിദ്രയെപ്പറ്റി പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: 'ദൈവത്തെ വഹിച്ച ശരീരം മരണത്തിനു വിധേയമായാൽപ്പോലും ഒരിക്കലും ജീർണ്ണിക്കാൻ ഇടയാവുകയില്ല'.

ആറാം നൂറ്റാണ്ടിൽ ഈജിപ്തിലെ അലക്സാണ്ട്റിയൻ സഭയിലും ഏഴാം നൂറ്റാണ്ടുമുതൽ പാശ്ചാത്യ സഭയിലും ഈ തിരുനാൾ ആഘോഷിച്ചിരുന്നതായും പറയപ്പെടുന്നു. വിശുദ്ധ ലെയോ നാലാമൻ പാപ്പാ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ കൂടുതൽ ആഘോഷപൂർവ്വം നടത്തണമെന്ന് നിർദ്ദേശിച്ചു. ബൈസന്റയിൻ സഭയിലെ ആരാധനാക്രമത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്; ''പ്രപഞ്ച രാജാവായ ദൈവം പ്രകൃതിയെ അതിശയിപ്പിക്കുന്ന ആനുകൂല്യങ്ങൾ നിനക്കു നൽകി. നീ ശിശുവിനെ പ്രസവിച്ചപ്പോൾ നിന്നെ ഒരു കന്യകയായി അവിടുന്നു സൂക്ഷിച്ചു. അങ്ങനെ തന്നെ നിന്റെ ശരീരത്തെ കല്ലറയിൽ അക്ഷയമായി സൂക്ഷിച്ചു. കല്ലറയിൽ നിന്ന് അതിനെ മാറ്റുന്ന ദൈവീക പ്രവൃത്തിവഴി അതിനെ മഹത്വപ്പെടുത്തുകയും ചെയ്തു.'' ആംഗ്ലിക്കൻ കൂദാശാക്രമത്തിലും അഡ്രിയാൻ ഒന്നാമൻ പാപ്പാ കാറൾമാൻ ചക്രവർത്തിക്ക് അയച്ച കൂദാശക്രമത്തിലും മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച്



> സഭയുടെ ആരാധനാ ക്രമത്തിലൂടെ നൂറ്റാണ്ടുകളായി ആഘോഷപൂർവ്വം സഭ അനുസ്മരിച്ചിരുന്ന പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശുദ്ധ പാരമ്പര്യത്തിൽ അധിഷ്ഠിതമായതും അടിസ്ഥാനമുള്ളതുമായ സത്യമാണെന്ന് പറഞ്ഞുകൊണ്ട് ആധുനിക കാലത്ത് ഒരു വിശ്വാസസത്യമായി പാപ്പാ പ്രഖ്യാപിക്കുകയാണ് ചെയ്തത്.

പ്രതിപാദിക്കുന്നുണ്ട്.

മറിയത്തിന്റെ സ്വർഗ്ഗാരോപണം സഭാ പിതാക്കൻമാരുടെ സാക്ഷ്യങ്ങളിലൂടെ വെളിപ്പെടുത്തപ്പെടുന്നതായി നമുക്കു ദർശിക്കാനാകും. ടൂർസിലെ വിശുദ്ധ ഗ്രിഗറി മറിയത്തിന്റെ സ്വർഗ്ഗാരോ പണത്തെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്: ''മറിയത്തിന്റെ ശരീരം ഒരു മേഘത്തിൽ സംവഹിക്കപ്പെട്ടു, സ്വർഗ്ഗത്തിൽ എത്തിച്ച് ആത്മാവോടു ചേർത്ത് നിത്യ മഹത്വമണിയിക്കുവാൻ ദൈവം കല്പന നല്കിയെന്ന്''. കന്യകയായ മറിയത്തിന്റെ സവിശേഷ വിശുദ്ധിക്കു ചേർന്നവിധം അവളുടെ ശരീരം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് വിശുദ്ധ ജെർമാനുസ് പറയുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹ്യൂഗോയിലെ വിശുദ്ധ വിക്ടർ, മറിയം ശരീരത്തോടുകൂടെ എടുക്കപ്പെട്ടുവെന്നു വിശ്വസിച്ചിരുന്നു.

മദ്ധ്യകാലഘട്ടത്തിൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് വിഭിന്നാഭിപ്രായങ്ങൾ ഉടലെടുത്തു. പാശ്ചാത്യസഭയിൽ പ്രൊട്ടസ്റ്റന്റു നവീകരണത്തോടെയാണ് ഈ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായത്. പ്രത്യേകിച്ച് മാർട്ടിൻ ലൂഥർ പോലെയുള്ളവർ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ നിഷേധിച്ചരിൽ പെട്ടവരായിരുന്നു. എന്നിരുന്നാലും ഈ കാലഘട്ടങ്ങളിൽ സഭയിലെ വിശുദ്ധർ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് ശക്തമായ രീതിയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കാന്റർബറിയിലെ വിശുദ്ധ ആൻസലം, പാദുവായിലെ വിശുദ്ധ അന്തോണീസ്, സിയന്നായിലെ വിശുദ്ധ ബെർണർദിൻ, വിശുദ്ധ റോബർട്ട് ബെല്ലാർമിൻ, വിശുദ്ധ ഫ്രാൻസീസ് ഡി സാലസ് തുടങ്ങിയവർ മറിയം സ്വർഗ്ഗാരോപിതയാണ് എന്ന് സാക്ഷ്യപ്പെടുത്തിയ വിശുദ്ധരിൽപ്പെട്ടവരാണ്. ഇവരിൽ വിശുദ്ധ ഫ്രാൻസീസ് ഡി സാലസ് പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് പറയുന്നു. ''ഏതു പുത്രനാണ് തനിക്കു കഴിയുമെങ്കിൽ തന്റെ അമ്മയെ അവളുടെ മരണശേഷം ജീവിപ്പിക്കുകയും പറുദീസയിലേയ്ക്ക് കൊണ്ടുവരുകയും ചെയ്യാതിരിക്കുന്നത്''. കാന്റർബറിയിലെ വിശുദ്ധ ആൻസലം മറിയത്തിന്റെ സ്വർഗ്ഗാരോ പണത്തെക്കുറിച്ച് ധ്യാനിച്ച് പ്രാർത്ഥിച്ചത് ഇപ്രകാരമാണ്: ഓ മഹിമ നിറഞ്ഞ മഹതി, നിന്നിലൂടെ ഞങ്ങളിലേയ്ക്ക് അവരോഹണം ചെയ്യാൻ കനിഞ്ഞ നിന്റെ പുത്രനായ യേശുവിലേയ്ക്ക് ആരോഹണം ചെയ്യാൻ നിന്നിലൂടെ ഞങ്ങൾ അർഹരാക്കുന്നതിന് കൃപ ചെയ്യണമേ.

ആധുനിക കാലഘട്ടമായ പതിനെട്ടാം നൂറ്റാണ്ടിൽ മരിയദാസ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ ഷഗ്വാനിന്റെ നേതൃത്വത്തിൽ മറിയം സ്വർഗ്ഗത്തിലേയ്ക്ക് ആരോപിതയായി എന്നത് ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് പരിശുദ്ധ സിംഹാസനത്തിന്റെ മുമ്പാകെ ഒരപേക്ഷ സമർപ്പിച്ചു. പിന്നീട് 1849ൽ ഒമ്പതാം പീയൂസ് പാപ്പാ മറിയത്തിന്റെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിക്കുന്നതിന് മെത്രാൻ സംഘത്തോട് അഭിപ്രായം ആരാഞ്ഞപ്പോൾ അതിൽ പലരും മറിയത്തിന്റെ സ്വർഗ്ഗാരോപണവുംകൂടി വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്ന ആഗ്രഹം പാപ്പായെ അറിയിച്ചു. എന്നാൽ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങളിൽ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിശ്വസികളുടെ നിവേദനങ്ങൾ റോമിൽ എത്തിച്ചേരുകയുണ്ടായി. അതിൻപ്രകാരം 1946ൽ പന്ത്രണ്ടാം പീയൂസ് പാപ്പാ മറിയത്തിന്റെ


സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് എല്ലാ മെത്രാന്മാരോടും ആരായുകയും ഭൂരിഭാഗം പേരുടേയും അനുകൂലമായ മറുപടി സ്വീകരിക്കുകയും ചെയ്തു. തുടർന്ന്, 1950 നവംബർ ഒന്നിന് പന്ത്രണ്ടാം പീയൂസ് പാപ്പാ മുനിഫിച്ചെന്തീസ്സിമൂസ് ദേവൂസ് (ഏറ്റവും ഔദാര്യമുള്ള ദൈവം) എന്ന് അപ്പോസ്തോലിക തിരുവെഴുത്തുവഴി പരിശുദ്ധ കന്യകാമറിത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. ആ തിരുവെഴുത്തിൽ ഇപ്രകാരമാണ് കുറിക്കപ്പെട്ടിരിക്കുന്നത്. ''കന്യകാമറിയത്തിന്റെമേൽ സവിശേഷ വാത്സല്യം ചൊരിഞ്ഞ സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിനും യുഗങ്ങളുടെ അമർത്ത്യനായ രാജാവും പാപത്തിൻമേലും മരണത്തിൻമേലും വിജയം വരിച്ചവനായ അവളുടെ പുത്രന്റെ ബഹുമാനത്തിനും പരിശുദ്ധയായ ആ അമ്മയുടെ മഹത്വത്തിന്റെ വർദ്ധനയ്ക്ക് മുഴുവൻ സഭയുടെയും സന്തോഷത്തിനും ആഹ്ലാദത്തിനും വേണ്ടി നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റേയും അനുഗ്രഹീതരായ പത്രോസിന്റേയും പൗലോസിന്റെയും എന്റെ തന്നെയും അധികാരംകൊണ്ട്, അമലോത്ഭവയായ ദൈവമാതാവ്, നിത്യകന്യകയായ മറിയം, തന്റെ ജീവിത കാലഘട്ടം പൂർത്തിയാക്കിയപ്പോൾ ശരീരത്തോടും ആത്മാവോടുംകൂടി സ്വർഗ്ഗീയ മഹത്വത്തിലേയ്ക്ക് എടുക്കപ്പെട്ടുവെന്നത് ദൈവീകമായി വെളിവാക്കപ്പെട്ട വിശ്വാസ സത്യമാണെന്ന് ഞാൻ ഉറപ്പിച്ചു പറയുകയും പ്രഖ്യാപിക്കുകയും നിർവചിക്കുകയും ചെയ്യുന്നു.'' ഈ തിരുവെഴുത്തിൽ പരിശുദ്ധ കന്യകാമറിയം മരിച്ചതായി പറയുന്നില്ല. എന്നാൽ, വിശുദ്ധ ജോൺ ഡമഷീൻ,സാക്ഷ്യപ്പെടുത്തിയതുപോലെ മറിയം മരിച്ചുവെന്നും മൂന്നാം ദിവസം ശരീരവും ആത്മാവും സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടുവെന്നും മരണസമയത്ത് തോമസ് അപ്പസ്തോലൻ ഒഴികെയുള്ള എല്ലാ അപ്പോസ്തോലൻമാരും പരിശുദ്ധ കന്യകാമറിയത്തിന്റെ മുറിയിലുണ്ടായിരുന്നുവെന്നും തോമസ് അപ്പസ്തോലൻ എത്തി കുഴിമാടം തിരക്കിയപ്പോൾ അത് ഒഴിഞ്ഞു

കിടന്നിരുന്നുവെന്നും പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. എല്ലാ ക്രിസ്ത്യാനികൾക്കും ലഭിക്കാനിരിക്കുന്ന നിത്യ സൗഭാഗ്യത്തിന് മറിയം നേരത്തേതന്നെ അർഹയായി എന്ന സത്യമാണ് ഈ പ്രഖ്യാപനത്തിലൂടെ സഭ നടത്തിയത്.

മറിയത്തിന്റെ സ്വർഗ്ഗാരോപണം ആധുനിക കാലത്ത് കത്തോലിക്കാ സഭ രൂപീകരിച്ചെടുത്തതല്ല മറിച്ച്, പൗരാണിക കാലം മുതൽക്കേ സാർവ്വത്രിക സഭ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിൽ വിശ്വസിച്ചിരുന്നു.

സഭയുടെ ആരാധനാ ക്രമത്തിലൂടെ നൂറ്റാണ്ടുകളായി ആഘോഷപൂർവ്വം സഭ അനുസ്മരിച്ചിരുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശുദ്ധ പാരമ്പര്യത്തിൽ അധിഷ്ഠിതമായതും അടിസ്ഥാനമുള്ളതുമായ സത്യമാണെന്ന് പറഞ്ഞുകൊണ്ട് ആധുനിക കാലത്ത് ഒരു വിശ്വാസസത്യമായി പാപ്പാ പ്രഖ്യാപിക്കുകയാണ് ചെയ്തത്.

ഈ വിശ്വാസസത്യം എല്ലാ കത്തോലിക്കാ വിശ്വാസികളും വിശ്വസിക്കുവാൻ കടപ്പെട്ടവരാണ്. അതുപോലെ തന്നെ ഈ സത്യം ഉറക്കെ പ്രഖ്യാപിക്കുവാനും ക്രൈസ്തവ വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റാനും ബാദ്ധ്യസ്ഥരാണ്. ക്രൈസ്തവരായ നമ്മൾ ഓരോരുത്തരും അപ്രകാരം ഈ വിശ്വാസസത്യം അനുഷ്ഠിക്കുമ്പോൾ ഈശോയുമായും പരിശുദ്ധ മറിയവുമായും ഗാഢമായ ഒരു ഐക്യബന്ധത്തിൽ ആഴപ്പെടുകയാണ് നാം ചെയ്യുക. മറിയത്തെപ്പോലെ ഒരിക്കൽ സ്വർഗ്ഗമെന്ന നിത്യഭവനത്തിൽ എത്തിച്ചേരേണ്ടവരാണ് നാം ഓരോരുത്തരും. അതിനായി സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജ്ഞിയും അമ്മയുമായി സ്വർഗ്ഗത്തിലിരുന്ന് നമുക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന സ്വർഗ്ഗാരോപിത മറിയത്തിന്റെ മാദ്ധ്യസ്ഥ്യം നമുക്കു തേടാം.



അമലദൂത്


# സ്വാതന്ത്ര്യത്തിന്റെ മുറിവുകൾ



ഡോ. മാർട്ടിൻ ശങ്കൂരിക്കൽ
സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി
കോട്ടയം

പ്രശസ്ത മലയാള കവി അയ്യപ്പപണിക്കരുടെ "രാമൻ വാണാലും രാവണൻ വാണാലും" എന്ന കവിതയിലെ വരികൾ എത്ര അർത്ഥവത്താണ്.

"രാമൻ വാണാലും രാവണൻ വാണാലും
സ്വാതന്ത്ര്യം നമ്മൾക്ക് പിച്ചപ്പാത്രം
രാവിതു പോയി പകൽ വേള വന്നാലും
നാവ് നനയ്ക്കുവാൻ കണ്ണീർ മാത്രം"



സമകാലിക ഭാരതത്തിന്റെ നേർചിത്രമാണ് ഈ കവിത. അയ്യായിരം കോടിയുടെ അംബാനി കല്യാണത്തിന് സർക്കാരും മാധ്യമങ്ങളും ചൂട്ട് പിടിക്കുമ്പോൾ 2019 ലെ ഇന്ത്യയുടെ ആരോഗ്യ ബജറ്റിൽ ഇന്ത്യൻ ഗ്രാമങ്ങളിലെ ഹെൽത്ത് സെന്ററുകൾക്കായി 1349 കോടി മാത്രമാണ് വകയിരുത്തിയിരിക്കുന്നതെന്ന നഗ്നസത്യം ആരും ഗൗനിക്കുന്നുപോലുമില്ല. ''അരി വാങ്ങാൻ ക്യൂവിൽ നിൽക്കുന്നു ഗാന്ധി; അരികെ കാറിലേറി നീങ്ങുന്നു വ്യാപാരി മന്നൻ ഗോഡ്സെ'' എന്ന എൻ.വി. കൃഷ്ണവാര്യരുടെ വരികൾ സത്യമാകുന്ന കാലം. നീ ഒരു പദ്ധതി വിഭാവനം ചെയ്യുമ്പോൾ ഏറ്റവും പാവപ്പെട്ടവനെ ഓർക്കണമെന്നും അവന് ഗുണകരമെങ്കിൽ മാത്രം മുന്നോട്ട് പോകണമെന്നുമുള്ള നെഹ്രുവിനുള്ള ഗാന്ധിയുടെ ഉപദേശം ഭരണകൂടങ്ങൾ മറക്കുമ്പോൾ പൗരന്റെ അവകാശങ്ങൾ ഭരണകൂടത്തിന്റെ ഔദാര്യമാണെന്നുള്ള പുതിയകാല സമവാക്യം രൂപപ്പെടുകയാണ്. 2024ലെ ബജറ്റ് അവതരണം കഴിയുമ്പോൾ ഇന്ത്യയെന്നാൽ ഏതാനും ചില സംസ്ഥാനങ്ങൾ മാത്രമാണോ എന്ന സംശയം മനസ്സിൽ ബാക്കി.

## വർഗീയതയുടെ മുറിവുകൾ

ഗാന്ധി ഘാതകനായ നാഥുറാം ഗോഡ്സെയുടെ മരണപത്രം വിചിത്രമായ ഒരാവശ്യം ഉന്നയിക്കുന്നുണ്ട്: ''എന്റെ ചിതാഭസ്മം വിശുദ്ധ നദിയായ ഗംഗയിൽ ഒഴുക്കരുത്. ഇന്ത്യയുടെ സാംസ്കാരിക, രാഷ്ട്രീയ, മതമാനങ്ങൾ ഒരു പരമാധികാര ഹിന്ദു രാഷ്ട്രത്തിന്റേതാകുന്നതുവരെ എന്റെ ചിതാഭസ്മം സൂക്ഷിക്കണം.'' മതാധിപത്യം ജനാധിപത്യത്തെ തിയോക്രസിയാക്കുമ്പോൾ മഹാത്മാവ് വീണ്ടും നിലവിളിക്കുന്നു: ഹേ റാം!

ഭാരതത്തിന്റെ ഭരണഘടനാ രൂപവത്കരണവേളയിൽ ഒരു സെമറ്റിക് പ്രവാചകനെപ്പോലെ ജവഹർലാൽ നെഹ്രു പറഞ്ഞു: 'ഭൂരിപക്ഷ വർഗ്ഗീയതയെ ദേശീയതയായും ന്യൂനപക്ഷ വർഗീയതയെ തീവ്രവാദമായും തെറ്റിദ്ധരിക്കാനുള്ള സാധ്യത ഇന്ത്യൻ സാഹചര്യത്തിൽ ഏറെയാണ്. എന്നാൽ നെഹ്രുവിയൻ സെകുലറിസത്തെ പാശ്ചാത്യമെന്നും ഭാരതവിരുദ്ധമെന്നും ആക്ഷേപിച്ച് അന്യവത്കരിക്കാനും അതുവഴി തമസ്കരിക്കാനും സംഘപരിവാർ ശ്രമിക്കുന്നുണ്ട്. ഭാരതത്തിന്റെ അയൽരാജ്യങ്ങൾ പട്ടാളഭരണത്തിന്റെയും ഏകാധിപത്യത്തിന്റെയും അരാജകത്വത്തിന്റെയും പ്രതീകങ്ങളായപ്പോൾ ഇന്ത്യ മതേതരസോഷ്യലിസ്റ്റ് പരമാധികാര രാഷ്ട്രമായി നിലനിന്നത് നെഹ്രുവിനെപ്പോലുള്ള ക്രാന്തദർശികളുടെ ദീർഘ വീക്ഷണവും ദർശനമികവും കൊണ്ടാണ്. എന്നാൽ നെഹ്രുവിയൻ സെക്കുലറിസത്തെ കപട മതേതരത്വം (സ്യൂഡോസെക്കുലറിസം) എന്ന് ചാപ്പ കുത്തുന്ന വർഗ്ഗീയ ശക്തികൾ വർഗ്ഗീയതയുടെ കടന്നൽ കുടിളക്കി രാഷ്ട്രീയ നേട്ടം കൊയ്യാനുള്ള പുറപ്പാടിലാണ്. പൊളിറ്റിക്കൽ ഹിന്ദുത്വത്തെ ഇന്ത്യൻ ദേശീയതയാക്കി അവതരിപ്പിക്കുകയും അതിനെ സ്വന്തം സംസ്കാരമായി സ്വീകരിക്കാൻ മറ്റുള്ളവരെ നിർബന്ധിക്കുകയും ചെയ്യുന്ന ഒരു നവ ഹിന്ദു കൊളോണിയലിസം ഇന്ത്യൻ ജീവിതത്തിന്റെ മുഖ്യധാരയിൽ സജീവമാണ്. ആർഷ ഭാരത സംസ്കാരം, ഇന്ത്യൻ സംസ്കൃതി എന്നിങ്ങനെ അന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുന്ന നെടുങ്കൻ പദപ്രയോഗങ്ങളുടെ മറവിൽ മത ദേശീയതയെ ഒളിപ്പിച്ചു കടത്താനുള്ള ശ്രമങ്ങൾ വ്യാപകമാണിന്ന്. ഹിന്ദു എന്നതിനെ ഇന്ത്യയെന്ന് മാറ്റിയെഴുതുന്ന പഴയ ശൈലി ഇന്ന് ഇന്ത്യയെ ഹിന്ദുവെന്ന് മാറ്റിയെഴുതിക്കൊണ്ടിരിക്കുന്നു.

''ഇര ചരിത്രം എഴുതുന്നത് വരെ ചരിത്രം വേട്ടക്കാരന്റേതായിരിക്കും'' എന്ന നിർവചനത്തെ സാധൂകരിക്കുന്ന കഥകളാണ് സംഘപരിവാറിന്റെ സാംസ്കാരിക പാചകശാലകളിൽ പാകമായിക്കൊണ്ടിരിക്കുന്നത്. കെട്ടുകഥകളെ ചരിത്രമാക്കിയും ശാസ്ത്രീയ ചരിത്രത്തിന് പകരം വർഗീയ ചരിത്രം പഠിപ്പിച്ചും ചരിത്രത്തെ കാവിവത്കരിക്കുകയാണ് അഭിനവ ഫാസിസ്റ്റുകൾ. വിദ്യാഭ്യാസത്തിന്റെ ഭാരതവത്കരണം എന്ന പേരിലാണ് ചരിത്രത്തെ കാവിവത്കരിക്കുന്നത്. സിദ്ധാന്ത നിർമ്മിതികൾ കയ്യടക്കി വച്ചിരിക്കുന്നവർ രാജ്യ സ്നേഹത്തെ മത ദേശീയതയുടെ കുപ്പായമിടീച്ച് അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ നിഷ്പക്ഷ ചരിത്രം





> "സോഷ്യൽ മീഡിയയിൽ നിന്ന് ജയിലിലേക്ക് വാതിൽ തുറക്കുന്ന ഒരു കാലഘട്ടത്തിൽ നിരോധനങ്ങളുടെ മഹത്വവത്കരണം കാരണം സാഹിത്യകാരന്മാരും ചിന്തകരും അസ്തിത്വ പ്രതിസന്ധിയിലാണ്. എഴുത്തോ നിന്റെ കഴുത്തോ എന്ന ചോദ്യത്തിന് കഴുത്ത് കാണിച്ച് കൊടുക്കാൻ അധികം ആളുകളില്ല എന്നത് ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്.

(Objective History) എന്നത് ഒരു മിത്തായി മാറുന്നു.

റാമോഹൻ റോയിക്കും അഞ്ചുനൂറ്റാണ്ട് മുമ്പ് കയ്യിലൊരു പന്തം ഉയർത്തിപ്പിടിച്ചുകൊണ്ട് ചന്തയുടെ മധ്യത്തിൽ നിന്ന് മാനവികത വാദിയായ കബീർ ദാസ് പറഞ്ഞു: ''മാമൂലുകളുടെ വീടുകൾ കത്തിച്ചു കളയുക. എന്നിട്ട് എന്റെ കൂടെ വരു.'' കുടുസ്സുകളിൽ നിന്ന് തുറസ്സുകളിലേക്ക് മടങ്ങാനുള്ള ക്ഷണമാണിത്. തുറസ്സുകളിൽ നിന്ന് അടച്ചിട്ട മുറികളിലേക്കുള്ള വർഗീയ മനസ്സുകളുടെ 'ഘർ വാപ്സി' ശ്രമങ്ങൾ ശക്തിപ്പെടുന്നിടത്ത് കബീർ ദാസ് കത്തിച്ചുപിടിച്ച നവോത്ഥാനത്തിന്റെ പന്തം കരിന്തിരി കത്തുന്നു.

ജർമ്മൻ കവിയും നാടക കൃത്തുമായ ബ്രെഹ്ടോൾഡ് ബ്രെഹ്റിന്റെ ഒരു കവിതയിൽ ഹിറ്റ്ലർ ഭരിക്കുന്ന ജർമ്മനിയിലെ ഒരു യാത്രക്കാരനോട് ഒരു വിദേശി ചോദിച്ചു: 'സുഹൃത്തേ ആരാണിവിടെ ഭരിക്കുന്നത്?' ഭീതി നിറഞ്ഞ മുഖത്തോടെ അയാൾ പറഞ്ഞു: 'ഭയം, ഭയമാണിവിടെ ഭരിക്കുന്നത്.' സോഷ്യൽ മീഡിയയിൽ നിന്ന് ജയിലിലേക്ക് വാതിൽ തുറക്കുന്ന ഒരു കാലഘട്ടത്തിൽ നിരോധനങ്ങളുടെ മഹത്വവത്കരണം കാരണം സാഹിത്യകാരന്മാരും ചിന്തകരും അസ്തിത്വ പ്രതിസന്ധിയിലാണ്. എഴുത്തോ നിന്റെ കഴുത്തോ എന്ന ചോദ്യത്തിന് കഴുത്ത് കാണിച്ച് കൊടുക്കാൻ അധികം ആളുകളില്ല എന്നത് ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. രാജാവ് നഗ്നനാണെന്ന് പറയുന്ന സ്നാപക ശിരസ്സുകൾ വെള്ളിതാലത്തിൽ കോർപറേറ്റ് സലോമിമാർക്ക് വിളമ്പുന്ന നെറികെട്ട കാലം!

ഭൂരിപക്ഷ സമുദായത്തിന്റെ ഉള്ളിൽ ഭീതി വളർത്തിയും ന്യൂന പക്ഷങ്ങളോട് അകൽച്ചയും വെറുപ്പും ഉണ്ടാക്കിയും അവരെ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുപയോഗിക്കുന്ന വോട്ട് ബാങ്കുകളാക്കി നിലനിർത്തുക എന്നത് എല്ലാ ഫാസിസ്റ്റുകളുടെയും ശൈലിയാണ്. ഇന്നത്തെ ഇന്ത്യൻ സാഹചര്യം നമ്മോട് പറയുന്നതും മറ്റൊന്നല്ല. അമേരിക്കയിലെ (Statue of Liberty) സ്വാതന്ത്ര്യ പ്രതിമ സന്ദർശിച്ചതിന് ശേഷം ലാറ്റിനമേരിക്കൻ കവിയായ നിക്കാനോർ എഴുതുന്ന കവിത ശ്രദ്ധേയമാണ്. "In America, Liberty is a statue." അമേരിക്കയിൽ സ്വാതന്ത്ര്യം ഒരു പ്രതിമയാണ്; ജീവനില്ലാത്ത പ്രതിമ! ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുന്ന അധികാര വർഗത്തിന്റെ കാലത്ത് ഗുജറാത്തിലെ Statue of Unity കണ്ടിട്ട് ഏതെങ്കിലും കവി ഇങ്ങനെ എഴുതിയേക്കാം: "In India, Unity is a Statue."





# ഈശോമിശിഹായെ തന്നിൽ രൂപപ്പെടുത്തിയ വിശുദ്ധ മദർ തെരേസ

പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ

ഈ വരുന്ന സെപ്റ്റംബർ 5ാം തീയതി വിശുദ്ധ മദർ തെരേസയുടെ തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ അമ്മയുടെ ജീവിതത്തിലൂടെ നമുക്കൊന്നു യാത്ര ചെയ്യാം. അൽബേനിയായിലെ സ്കോപ്ജെയിൽ നിക്കോളയുടെയും ഡ്രാണയുടെയും അഞ്ച് മക്കളിൽ ഇളയവളായി 1910 ആഗസ്റ്റ് 26ന് ജനിച്ചു. ഗോൺസാ ആഗ്നസ് എന്നായിരുന്നു പേര്. ഗോൺസാ എന്ന വാക്കിന്റെ അർത്ഥം വിരിയുന്ന പൂമൊട്ട് എന്നാണ് അൽബേനിയൻ ഭാഷയിൽ.

പിതാവ് നിക്കോളാ സാമാന്യം ഭേദപ്പെട്ട ഒരു വസ്ത്ര വ്യാപാരി ആയിരുന്നു. മെച്ചപ്പെട്ട ജീവിത സാഹചര്യം ഇതു മൂലം അവർക്ക് ഉണ്ടായിരുന്നു. അദ്ദേഹം നഗരത്തിലെ ആലോചനാസമിതിയിലും അംഗമായിരുന്നു. അമ്മ ഡ്രാണ, ദൈവസ്നേഹവും പരസ്നേഹവും നിറഞ്ഞ ഭക്തയായിരുന്നു. ഡ്രാണ തന്റെ മക്കളുടെ സ്വഭാവരൂപീകരണത്തിൽ കാർക്കശ്യം കാട്ടിയിരുന്നു. ആർഭാടങ്ങളിൽ നിന്നും അനാവശ്യമായ വിമർശനങ്ങളിൽ നിന്നും മോശപ്പെട്ട കൂട്ടുകെട്ടുകളിൽ നിന്നും ആ അമ്മ മക്കളെ അകറ്റി നിറുത്തിയിരുന്നു. കരുണാർദ്രവും സത്യസന്ധവുമായ പെരുമാറ്റം അവരെ അഭ്യസിപ്പിച്ചു. വായിക്കുവാനും പാടാനും മിടുക്കരായിരുന്ന ആഗ്നസും, ചേച്ചിയും ദൈവാലയഗായകസംഘത്തിലെ നല്ല പാട്ടുകാരായിരുന്നു. ആഗ്നസിന് 9 വയസ്സുള്ളപ്പോൾ അവരുടെ പിതാവ് അപ്രതീക്ഷമായി മരണമടഞ്ഞു. അതോടെ കുടുംബത്തിന്റെ ഭാരമെല്ലാം ഏൽക്കേണ്ടിവന്ന ഡ്രാണക്ക് മക്കളെ വളർത്തുവാനും പഠിപ്പിക്കുവാനും വളരെ ഏറെ ക്ലേശിക്കേണ്ടിവന്നു.

> “അമ്മ ഡ്രാണ, ദൈവസ്നേഹവും പരസ്നേഹവും നിറഞ്ഞ ഭക്തയായിരുന്നു. ഡ്രാണ തന്റെ മക്കളുടെ സ്വഭാവരൂപീകരണത്തിൽ കാർക്കശ്യം കാട്ടിയിരുന്നു. ആർഭാടങ്ങളിൽ നിന്നും അനാവശ്യമായ വിമർശനങ്ങളിൽ നിന്നും മോശപ്പെട്ട കൂട്ടുകെട്ടുകളിൽ നിന്നും ആ അമ്മ മക്കളെ അകറ്റി നിറുത്തിയിരുന്നു. കരുണാർദ്രവും സത്യസന്ധവുമായ പെരുമാറ്റം അവരെ അഭ്യസിപ്പിച്ചു.

ഒരു മിഷനറി ആകണമെന്നും പാവപ്പെട്ടവർക്കായി ജീവിക്കണമെന്നും ആഗ്നസിന് ചെറുപ്പം മുതലേ ഉള്ളിൽ ശക്തമായ തോന്നലുണ്ടായിരുന്നു. 18 വയസ്സുള്ളപ്പോൾ തന്റെ വഴി സന്ന്യാസസമർപ്പണമാണെന്ന് തിരിച്ചറിഞ്ഞ് ലൊറേറ്റോ സന്ന്യാസസഭയിൽ ചേർന്നു. അമ്മയേയും സഹോദരങ്ങളെയും, പ്രകൃതിഭംഗി നിറഞ്ഞ സ്വന്തം നാടും, രാജ്യവും, വിട്ട് അവർ യേശുവിന്റെ പിന്നാലെ ഇറങ്ങി പുറപ്പെട്ടു. അയർലണ്ടിലെ ഡബ്ലിനിലുള്ള അമലോത്ഭവ മാതാവിന്റെ ലൊറേറ്റോ ആശ്രമത്തിൽ 1928 സെപ്തംബറിൽ സന്ന്യാസാർത്ഥിനിയായി ചേർന്ന ഗോൺസാ ആഗ്നസ്, തെരേസാ എന്ന പേര് സ്വീകരിച്ചു.

അവിടെ ഇംഗ്ലീഷ് ഭാഷ 2 മാസം കൊണ്ട് പഠിച്ചു. അവരെ മറ്റ് മൂന്ന് സഹോദരിമാരുടെ കൂടെ ബംഗാളിലെ ലൊ

റേറ്റോ മഠത്തിലേക്ക് അധികാരികൾ അയച്ചു. ഇന്ത്യയിലെ മിഷനറി പ്രവർത്തനങ്ങളെ കുറിച്ചുള്ള സ്വപ്നങ്ങളുമായി 1928 ഡിസംബർ ആദ്യം ഡബ്ലിനിൽ നിന്ന് കപ്പലിൽ യാത്ര തിരിച്ച് സൂയസ് കനാൽ കടന്ന് സിലോൺ വഴി മദ്രാസിലും തുടർന്ന് 1929 ജനുവരി 6 ന് കൽക്കട്ടയിലും എത്തിചേർന്നു. അവിടെ ബംഗാളി സ്കൂളിൽ അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. കുട്ടികളെയും കൂട്ടി ഇടയ്ക്ക് ഇടയ്ക്ക് ചേരികളിലെ പട്ടിണി പാവങ്ങളുടെ അടുത്തേക്ക് പോകാൻ തെരേസായ്ക്ക് അതിയായ താല്പര്യമായിരുന്നു. ചിലപ്പോൾ അവരും കുട്ടികളും അവരുടെ ഭക്ഷണത്തിലെ ഒരു ഭാഗം പാവപ്പെട്ടവരുമായി പങ്കുവയ്ക്കുമായിരുന്നു.

ആറ് വർഷത്തെ സന്ന്യാസജീവിതം പൂർത്തിയാക്കിയപ്പോൾ നിത്യവ്രതവാഗ്ദാനം നടത്തി. 1944ൽ, അധികാരികൾ അവരെ പ്രശസ്തമായ ലൊറേറ്റോ സെന്റ് മേരീസ് സ്കൂളിന്റെ പ്രിൻസിപ്പാൾ ആയി നിയമിച്ചു. ഉത്തരവാദിത്വങ്ങളുടെയും, തിരക്കുകളുടെയും നടുവിൽ ഡാർജിലിംഗിൽ വാർഷിക ധ്യാനത്തിനു പോകുമ്പോഴാണ്, വിളിക്കുള്ളിലെ വിളിയുമായി തെരേസായെ യേശു കൽക്കട്ടയിലെ ചേരികളിലേക്ക് ക്ഷണിച്ചത്. 1946 സെപ്തംബർ 10ാം തീയതിയായിരുന്നു; അന്ന് അവർക്ക് 36 വയസ്സായിരുന്നു.

സ്കൂളിനെ നല്ല രീതിയിൽ നയിക്കുന്ന പ്രിൻസിപ്പാൾ, ബംഗാളിയും, ഹിന്ദിയും, ഇംഗ്ലീഷും സംസാരിക്കുന്ന മദർ ഏവരുടെയും പ്രിയപെട്ടവളായിരുന്നു. യേശുവിന്റെ ഒരു വെളിപ്പെടുത്തലിൽ യേശു മദർ തെരേസ്സായോട് ഇപ്രകാരം പറഞ്ഞു. ''തെരുവുകളിൽ ആരോരുമില്ലാത്ത നരകിച്ച് മരിക്കുന്ന ലക്ഷങ്ങളുടെ അടുത്തേക്ക് നീ എന്നെ കൊണ്ടുപോകു. അവർ കഴിഞ്ഞുകൂടുന്ന ഇരുണ്ട താവളങ്ങളിൽ എനിക്ക് ഒറ്റയ്ക്ക് പോകാനാവില്ല. എന്നെ അവർക്ക് അറിയില്ല. അതുകൊണ്ട് നീ എന്നെ അവരുടെ അടുത്ത് കൊണ്ടുപോയി അവർക്ക് എന്നെ കൊടുത്തേ പറ്റൂ''. യേശു തന്നോട് നിർബന്ധമാമായാണ് ഈ വാക്കുകൾ പറയുന്നത് എന്ന് മദറിന് വ്യക്തമായി. പക്ഷേ എങ്ങനെ? കൽക്കട്ടയിലെ തെരുവുകൾ ഭീകരത നിറഞ്ഞതാണ്. പട്ടിണിയും രോഗവും മാത്രമല്ല അവിടെയുള്ളത്. അക്രമവും, കൊള്ളയും, വ്യഭിചാരവും പിടിച്ചുപറിയുമെല്ലാം പതിവ് കാര്യങ്ങൾ. അങ്ങോട്ട് താൻ ഒറ്റയ്ക്ക് എങ്ങനെ പോകും? ഡാർജിലിംഗിലെ ധ്യാനം കഴിഞ്ഞ് തിരിച്ചെത്തിയ തെരേസാ തനിക്ക് ലഭിച്ച അതിശക്തമായ ആന്തരീക പ്രചോദനത്തെക്കുറിച്ച് ആത്മീയ നിയന്താവുമായും സംസാരിച്ചു. പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുവാൻ പറഞ്ഞ് അദ്ദേഹം തെരേസായെ ധൈര്യപ്പെടുത്തി. ആറ് മാസക്കാലം തെരേസാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഉള്ളിലെ ദൈവസ്വരം വീണ്ടും വീണ്ടും കൂടുതൽ ശക്തമാകുന്നതായി, തെരേസായ്ക്ക് അനുഭവപ്പെട്ടു കുരിശിൽ കിടന്നുകൊണ്ട് വിളിച്ചു കരയുന്ന യേശുവിന്റെ ദർശനം തെരേസായ്ക്ക് കൂടുതൽ ആഴമായ ബോധ്യം നല്കി.

എന്റെ യാചനയാണിത് എന്നെ ഉപേക്ഷിക്കരുത്. എന്റെ ദാഹമാണിത്. ചേരികളിലെ പാവപ്പെട്ടവരിലേക്ക് എന്റെ സ്നേഹവും കരുണയും കൊണ്ടുപോയി നൽകാൻ; സ്നേഹത്തിന്റെ മിഷനറിമാർ എന്ന പേരിൽ ഒരു സന്ന്യാസസമൂഹം തുടങ്ങണം യേശുവിന്റെ സ്വരം വ്യക്തമായിരുന്നു.

പരിശുദ്ധ അമ്മയുടെ ദർശനം ലഭിക്കുന്നു. അത് ഇപ്രകാരമാണ് യേശുവിനെ പാവപ്പെട്ടവരുടെ അടുത്തേക്ക് കൊണ്ടു പോയി കൊടുക്കുക. നീ ഒന്നും ഭയപ്പെടേണ്ട. ജപമാല ചൊല്ലുവാൻ അവരെ പഠിപ്പിക്കുക എല്ലാം ശരിയായി കൊള്ളും. ഞാനും, എന്റെ പുത്രനും, നിന്നോട് ഒപ്പമുണ്ട്. ഒരു ദിവസം പരിശുദ്ധ കന്യകാമാതാവ് തെരേസായോട് ദർശനത്തിൽ ഇപ്രകാരം പറഞ്ഞതായി അവൾ കേട്ടു. ഇനി അല്പവും താമസിക്കാനില്ല എന്നു തെരേസാ തീരുമാനിച്ചു.

ആത്മീയപിതാവിന്റെ ഉപദേശപ്രകാരം തെരേസാ, കൽക്കട്ടയിലെ മെത്രാപ്പോലീത്തയുടെ അടുത്തുചെന്ന് തനിക്കു ലഭിച്ച ദർശനങ്ങളെ കുറിച്ചും ആന്തരീക പ്രചോദനത്തെക്കുറിച്ചും അദ്ദേഹത്തോട് പറഞ്ഞു. ''പ്രാർത്ഥിച്ചു കാത്തിരിക്കുക'' എന്നായിരുന്നു മറുപടി. തെരേസാ അദ്ദേഹത്തെ അനുസരിച്ചു. പ്രാർത്ഥനയോടു കൂടിയ കാത്തിരിപ്പ് തുടർന്നു.

നീലക്കരയുള്ള വെള്ള സാരിയുടുത്ത് തൂപ്പുകാരിയുടെ വേഷം ധരിച്ച കന്യാസ്ത്രീ പ്രസിദ്ധമായ ലൊറേറ്റോയുടെ സുരക്ഷിതത്വം വിട്ടിറങ്ങി. കൽക്കട്ടയിലെ ചേരികളിലെ രോഗികളും, നിരാലംബരുമായ മക്കളുടെ അടുത്തേക്ക് താൻ യേശുവിനെ കൊണ്ടുപോകുകയാണ് എന്നതിന് മദർ തെരേസായ്ക്ക് തെല്ലും സംശയമില്ലായിരുന്നു. അതിന് രോഗികളുടെ അടുത്ത് ശുശ്രൂഷ ആരംഭിക്കുവാൻ തനിക്കൊന്നും അറിയില്ലെന്ന് മനസ്സിലാക്കിയപ്പോൾ പാറ്റ്നായിലെ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ അടുക്കൽ നിന്ന് മൂന്നു മാസത്തെ നേഴ്സിംഗ് പരിശീലനം നേടി.

തുടർന്ന് 'പാവപ്പെട്ടവരുടെ കൊച്ചു സഹോദരികൾ' എന്ന സന്ന്യാസിനിസഭയുടെ മഠത്തിൽ താമസിച്ചുകൊണ്ട് കൽക്കട്ടയിലെ ചേരികളിലേയ്ക്ക് ദിവസവും പ്രാർത്ഥനയും, വിശുദ്ധ കുർബാനയും കഴിഞ്ഞ് അതിരാവിലെ പ്രഭാതഭക്ഷണത്തിനുശേഷം ഇറങ്ങിതിരിച്ചു. അവിടെ കണ്ണുനീരിന്റെയും വേദനയുടെയും നിരാശയുടെയും വെറുപ്പിന്റെയും മരണത്തിന്റെയും മുമ്പിൽ തെരേസായുടെ കൈകളും കാലുകളും മനസും ഹൃദയവും തന്റെ നാഥനുവേണ്ടി ചലിച്ചു. നടന്നുമടുത്ത് വഴിയോരങ്ങളിൽ ഒറ്റയ്ക്കിരുന്ന് വേദനിച്ചപ്പോൾ വിശപ്പും ദാഹവും മാത്രമായിരുന്നില്ലല്ലോ എന്ന ചിന്ത ഭാരപ്പെട്ടതായിരുന്നു. താനും വഴിയോരത്തെ അഗതികളിലൊരാളായി മാറിയ ദിവസങ്ങൾ മദർ തെരേസായുടെ സന്ന്യാസത്തിലെ രണ്ടാം പരിശിലന കാലഘട്ടം പോലെ ആയിരുന്നു.

അധികം താമസിക്കാതെ മരുന്നു കൊടുക്കാൻ ഒരു സ്ഥലവും, കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ ഒരു സ്ഥലവും അവർക്ക് കിട്ടി. മരച്ചുവട്ടിലിരുന്നു ചേരിയിലെ മക്കൾക്ക് അക്ഷരം പറഞ്ഞുകൊടുത്തപ്പോൾ ലൊറേറ്റോയിലെ പ്രിൻസിപ്പലിന്റെ കസേരയിലെ ദിവസങ്ങളുമായി തെരേസാ താരതമ്യം ചെയ്തു. ഇന്ന് താനും യേശുവിനെ പോലെ തന്നെ കുരിശിന്റെ വഴിയിലാണെന്ന് മദർ തെരേസായ്ക്ക് മനസ്സിലായി. ഉടനെ എന്തെന്നില്ലാത്ത ഒരാനന്ദം അവർക്ക് അനുഭവപ്പെട്ടു.

തെരുവിൽ കിടന്ന് മരിക്കുന്നവരെയും പുഴുക്കളരിച്ചും ഉറുമ്പരിച്ചും കിടക്കുന്ന കുഞ്ഞുങ്ങളെയും ചേരികളിലെ ഓരങ്ങളിൽ തെരേസാ അനുദിനം കണ്ടുമുട്ടി. ഡോക്ടർമാർ സൗജന്യമായി നല്കിയ മരുന്നുകളും ഗുളികകളും രോഗത്തിന്റെ സ്വഭാവം മനസ്സിലാക്കി രോഗികൾക്ക്

കൊടുക്കുവാൻ അപ്പോഴേയ്ക്കും അവർ പഠിച്ചുകഴിഞ്ഞിരുന്നു. തനിക്ക് ചെയ്യാൻ കഴിയുന്നതിന്റെ എത്രയോ മടങ്ങ് ആവശ്യങ്ങളാണ് താൻ കാണുന്നത് എന്ന കാര്യം തെരേസായെ വേദനിപ്പിച്ചു.

1949 ഫെബ്രുവരി മാസത്തിൽ കൽക്കട്ടയിലെ 14 ഗ്രേറ്റ് ലെയ്നിലെ ഗോമസ് കുടുംബം താമസിക്കുന്ന വീടിന്റെ മുകളിലത്തെ നില, താമസിക്കാനായി മദറിന് ലഭിച്ചു. അധികം താമസിയാതെ മുൻ വിദ്യാർത്ഥികളിൽ ചിലർ അവരുടെ പ്രിയപ്പെട്ട ഗുരുനാഥയുടെകൂടെ, സേവനം ചെയ്യുവാൻ കടന്നുവന്നു. 1950 ജൂൺ മാസമായപ്പോഴേയ്ക്കും അംഗങ്ങളുടെ സംഖ്യ വർദ്ധിച്ചു. ക്രിസ്തുവിന്റെ 12 ശിഷ്യന്മാരെ ഓർമ്മിപ്പിച്ചുകൊണ്ട് 12 പേരായിരുന്നു മദർ തെരേസായുടെ സമൂഹത്തിലെ ആദ്യഅംഗങ്ങൾ. അവരിൽ പത്തുപേരും (10) മദറിന്റെ വിദ്യാർത്ഥികളായിരുന്നു. ദൈവചൈതന്യം തുടിക്കുന്ന ഗുരുനാഥയുടെ സ്വാധീനം! അങ്ങനെ കൽക്കട്ടയിൽ മിഷനറീസ് ഓഫ് ചാരിറ്റി എന്ന ഒരു കൊച്ചുസമൂഹം രൂപമെടുത്തു. 1950 ഒക്ടോബർ 7ന് സന്ന്യാസസഭയ്ക്ക് സഭയുടെ ഔദ്യോഗികാനുമതി ലഭിച്ചു.

കൽക്കട്ടയിലെ തെരുവുകളിൽ മദർ തെരേസാ അപ്പോഴേക്കും സുപരിചിതയായിത്തീർന്നു. ഭക്ഷണവും, മരുന്നും, വസ്ത്രവുമായി എന്നും രാവിലെ നീലക്കരയുള്ള വെള്ള സാരി ചുറ്റിയ മാലാഖാമാർ, കൽക്കട്ടയിലെ തെരുവുകളെ പരിചരിച്ചു. ക്രമേണ മദർ തെരേസായുടെ സ്വപ്നങ്ങൾ ഒന്നൊന്നായി യാഥാർത്ഥ്യമാകുവാൻ തുടങ്ങി.

(1) മരണാസന്നരായ നിരാലംബർക്ക് സഹോദരിമാരുടെ പരിചരണത്തിൽ സമാധാനമായി മരിക്കുവാൻ കഴിയുന്ന ഒരു ഭവനം. അതായിരുന്നു മദറിന്റെ വലിയൊരു സ്വപ്നം. നിർമ്മൽ ഹൃദയ് എന്ന് ആ ഭവനത്തിന് പേരിട്ടു. ആ ഭവനം പെട്ടെന്ന് കൽക്കട്ടായ്ക്ക് സ്നേഹത്തിന്റെ പുതിയ സുവിശേഷമായി തീർന്നു.

(2) പിറന്നു വീഴുമ്പോഴേ തെരുവിൽ ഉപേക്ഷിയ്ക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി ഒരിടം ശിശുഭവൻ.

(3) ക്ഷയരോഗികൾക്ക് വേണ്ടി പ്രേംദാൻ.

(4) കുഷ്ഠരോഗികളെ പരിചരിക്കുവാനും അവർക്ക് താമസിക്കുവാനും ഒരിടം ശാന്തിഭവൻ. എല്ലാം പടിപടിയായി ദൈവം യാഥാർത്ഥ്യമാക്കി കൊടുത്തു; അനേക സുമനസ്സുകളിലൂടെ. മദറിന്റെ സമൂഹത്തിലെ അംഗങ്ങൾ ഏറെ വർദ്ധിച്ചപ്പോൾ അവരുടെ താമസത്തിന് പുതിയ സ്ഥലം കണ്ടെത്തുവാനും ദൈവം ഇടയാക്കി. അങ്ങനെ 1953ൽ 54 A ലോവർ സർക്കുലർ റോഡ് അതായിരുന്നു മേൽവിലാസം. പിൽക്കാലത്ത് ആയിരക്കണക്കിന് സന്ന്യാസിനികൾക്ക് സ്നേഹത്തിന്റെയും ദൈവകരുണയുടെയും ബാലപാഠങ്ങൾ പഠിപ്പിച്ചുകൊടുത്ത മദർഹൗസ്; അമ്മവീട് എന്നും വിളിക്കുന്നു.

മദറിന് ദൈവം നല്കിയ സ്വപ്നങ്ങൾക്ക് അതിരുകളില്ലായിരുന്നു. ബംഗാളിന്റെ വിവിധ ഭാഗങ്ങളിലേക്കും, ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേയ്ക്കും മാത്രമല്ല അഞ്ച് ഭൂഖണ്ഡങ്ങളിലേയ്ക്കും മിഷനറീസ് ഓഫ് ചാരിറ്റി, നീലക്കരയുള്ള വെള്ളസാരിയുടെ സമർപ്പണം പറിച്ചുനട്ടു.

റഷ്യയും, ചൈനയും ദൈവത്തിന്റെ ധാർമ്മികശക്തിക്കു മുൻപിൽ വഴിമാറി. എയ്ഡ്സ് രോഗീപരിചരണത്തിനായിട്ടുള്ള ഭവനങ്ങളും പിന്നീട് തുടങ്ങി. ലോകമെങ്ങും പാവപ്പെട്ടവരിലെ പാവപ്പെട്ടവർക്കു മദർ തെരേസായുടെ മേൽവിലാസം ലഭിച്ചു. രാഷ്ട്രനേതാക്കളും സമൂഹത്തിന്റെ നാനാമേഖലകളിലെ പ്രമുഖരായ പലരും കൽക്കട്ടയിലെ ചേരിയിലേക്ക് മദറിനെ തിരക്കിവന്നു.

നിർമ്മൽ ഹൃദയലിലേയും, ശിശുഭവനിലെയും ഓടയും കക്കൂസും വൃത്തിയാക്കാൻ മറ്റുള്ളവരോട് ഒപ്പം ചേർന്ന് അവരും ചിലപ്പോൾ പങ്കുചേർന്നു. ആ വൃദ്ധ സന്ന്യാസിനിയെ കാണാൻ ലോകത്തിലെ അതിശക്തരെന്ന് വിളിക്കപ്പെട്ട അനേകർ സമയം ചോദിച്ച് കാത്തുനിന്നിരുന്നു. കണക്കില്ലാതെ സഹായങ്ങളും, അവാർഡുകളും, കൽക്കട്ടയിലെ ചേരികളിലേയ്ക്ക് പ്രവഹിച്ചു. പ്രായംകൊണ്ടും, ജോലി തിരക്കുകൊണ്ടും കുനു പിടിച്ച ആ ആൾ രൂപം ദൈവത്തിന്റെ സുവിശേഷമായിത്തീർന്നു.

എങ്ങനെയാണ് ഇത്രയും വൃത്തികെട്ട രോഗികളെ സ്വന്തമെന്നപോലെ കരുതി ശുശ്രൂഷിക്കുന്നത് എന്ന ചോ ദ്യത്തിന് മദറിന്റെ ഉത്തരം ഇപ്രകാരമായിരുന്നു. ഞങ്ങൾ രോഗികളെയല്ല ശുശ്രൂഷിക്കുന്നത് യേശുവിനെയാണ്, ഇതൊരു സാമൂഹിക പ്രവർത്തനമല്ല, സ്നേഹസമർപ്പണമാണെന്നായിരുന്നു അവരുടെ മറുപടി. മദർ തെരേസാ ലോകത്തിന് നല്കുന്ന സന്ദേശം പോപ്പ് ജോൺപോൾ രണ്ടാമൻ ചുരുക്കത്തിൽ വിവ






രിച്ചത് ഇപ്രകാരമാണ്, ഒരു ക്രിസ്ത്യാനിയാകുക എന്നാൽ ദൈവസ്നേഹത്തിൽ നിറഞ്ഞ് ഉപവി പ്രവർത്തികൾക്ക് സാക്ഷിയായി, സ്വന്തം ജീവിതം മാറ്റുകയെന്നാണ്. ഈ സന്ദേശം പ്രാവർത്തികമാക്കുവാൻ പരിശുദ്ധാത്മ നിറവിൽ ജീവിക്കണം; പരിശുദ്ധാത്മ ശക്തികൊണ്ടും നിറയണം.

1997 സെപ്തംബർ 5 ന് രാത്രി 9:30ന് അവരുടെ ആത്മാവ് തന്റെ നാഥന്റെ അടുക്കലേയ്ക്ക് മടങ്ങി. ഇനിയെന്ന് മദർ തെരേസായെപോലെയൊരു വിശുദ്ധയെ ലോകം ദർശിക്കും എന്നോർത്ത് ലോകം മുഴുവൻ ദുഃഖിച്ചു. ഇന്നത്തെ മനുഷ്യന് സങ്കല്പിക്കാൻ പോലും കഴിയാത്ത ജീവിതം നയിച്ച്, ഈശോമിശിഹായെ അനുകരിച്ച് ജീവിച്ച വിശ്വ പ്രസിദ്ധയായ വിശുദ്ധ.

മഹാത്മാഗാന്ധിയുടെ ശരീരം വഹിച്ചുകൊണ്ട് പോയ അതേ ഗൺകാരിയേജിൽ തന്നെ മദർ തെരേസായുടെ ഭൗതീക ശരീരത്തിന് അന്ത്യയാത്രയൊരുക്കി. ഭാരത ജനതയും കേന്ദ്രഗവൺമെന്റും മദറിനെ ആദരിച്ചു. ഇന്ത്യയുടെ ഹൃദയത്തെ സ്നേഹിച്ചതിന് അമ്മയ്ക്കുള്ള ലോകത്തിന്റെ പ്രണാമം. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്ന് എത്തിയ അനേകം രാഷ്ട്രപ്രതിനിധികളുടെയും ലക്ഷകണക്കിന് ജനങ്ങളുടെയും ആദരവ് ഏറ്റുവാങ്ങി മദറിന്റെ പൂജ്യദേഹത്തെ കൽക്കട്ടയിലെ മദർ ഹൗസിലൊരുക്കിയ കബറിടം ഏറ്റുവാങ്ങി.

2003 ഒക്ടോബർ 19ാം തീയതി പരി. പിതാവ് ജോൺ പോൾ രണ്ടാമൻ അവരെ വാഴ്ത്തപ്പെട്ടവൾ എന്ന് പ്രഖ്യാപിച്ചു.

2016 സെപ്തംബർ 4ന് മദർ തെരേസയെ പരി.പിതാവ് ഫ്രാൻസീസ് മാർപാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചു.

**ലോകത്തിലെ ഒരു ഇതിഹാസമായി തീർന്ന മദർ തെരേസക്ക് ലഭിച്ച പരമോന്നത ബഹുമതികളിൽ ചിലത്.**

1962 ആഗസ്റ്റ് 11 : ഇൻഡ്യയുടെ പത്മശ്രീ അവാർഡ്

1972 നവംബർ 15 : ജവഹർലാൽ നെഹ്റു രാജ്യന്തര അവാർഡ്

1980 മാർച്ച് 22 : ഇൻഡ്യയുടെ ഭാരതരത്ന അവാർഡ് മാഗ്സസെ അവാർഡ്

1979 ഡിസംബർ 10 : സമാധാനത്തിനുള്ള നോബൽ സമ്മാനം

1971 ജനുവരി 6 : ജോൺപോപ്പ് 23-ാമന്റെ പേരിൽ ഏർപ്പെടുത്തിയ സമാധാനത്തിനുള്ള അവാർഡ്

1971 ഒക്ടോബർ 16 : അമേരിക്കയുടെ ജോൺ കെന്നഡി ഇന്റർനാഷണൽ അവാർഡ്

1983 നവംബർ 24 : ബ്രിട്ടീഷ് രാജ്ഞിയുടെ പരമോന്നത ബഹുമതിയായ Order of Merit അവാർഡ്

1987 ആഗസ്റ്റ് 24: റഷ്യയുടെ സമാധാനത്തിനുള്ള Gold Medal

1997 ജൂൺ 5 : അമേരിക്കൻ കോൺഗ്രസ്സിന്റെ Gold Medal. ലോകത്തിലെ വിവിധ രാജ്യങ്ങൾ 700ൽ അധികം പ്രശസ്ത അവാർഡുകൾ നല്കി മദറിനെ ആദരിച്ചിരുന്നു.




# സെൻറ് മേരീസ് കോളേജ് NAAC A+ നാൾവഴികളും നാഴികക്കല്ലുകളും...

**ഡാനി കുര്യൻ**
**അസി. പ്രൊഫസർ, സെന്റ് മേരീസ് കോളേജ്, പുത്തനങ്ങാടി**

**"ഇന്ന് NAAC അക്രഡിറ്റേഷന്റെ ഏറ്റവും ഉയർന്ന സ്കോർ കരസ്ഥമാക്കി കൊണ്ട് മലപ്പുറം ജില്ലയിലെ തന്നെ പേരെടുത്ത ഒരു കലാലയമായി മാറിയ ഈ സ്ഥാപനത്തിന് ഇനിയും അക്ഷരവെളിച്ചം പകർന്നുനൽകി സാമൂഹ്യ പ്രതിബദ്ധതയുള്ള തലമുറകളെ വളർത്തിക്കൊണ്ടുവരാൻ സാധിക്കട്ടെ..."**

രജത ജൂബിലി പിന്നിട്ട് വള്ളുവനാടിന്റെ ഹൃദയഭാഗത്ത് ഉയർന്നുനിൽക്കുന്ന സെന്റ് മേരീസ് കോളേജ്, മലപ്പുറം ജില്ലയുടെ വിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്ന കെട്ടുറപ്പും അച്ചടക്കവും ഉള്ള ഒരു സ്ഥാപനം എന്നതിൽ തർക്കമില്ല.

1996ൽ CFIC എന്ന വൈദിക സന്യാസ സഭംഗങ്ങളാൽ സ്ഥാപിതമായ ഈ കലാലയം ഇന്ന് പതിമൂന്നു UG കോഴ്സുകളും അഞ്ച് PG കോഴ്സുകളുമായി ആയിരത്തഞ്ഞൂറോളം വിദ്യാർത്ഥികൾക്ക് അറിവ് പകർന്ന് ജൈത്രയാത്ര തുടരുമ്പോൾ ഈ സ്ഥാപനത്തിന്റെ നെറുകയിൽ NAAC A+ എന്ന ഗ്രേഡ്കൂടി കോളേജിന്റെ ചരിത്രത്താളുകളിൽ കുറിക്കപ്പെട്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കോളേജ് മാനേജ്മെന്റും അധ്യാപകഅനധ്യാപകരും, വിദ്യാർത്ഥികളും, രക്ഷിതാക്കളും, പൂർവ വിദ്യാർത്ഥികളും, മറ്റ് അഭ്യുദയകാംക്ഷികളും തോളോടുതോൾചേർന്ന് പ്രവർത്തിച്ചപ്പോൾ ലക്ഷ്യത്തിലേക്കുള്ള പ്രയാണം സുഗമമാവുകയും, അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിക്കുകയും ചെയ്തു. NAAC A+ ഗ്രേഡിലേക്കുള്ള പ്രയാണത്തിൽ പിന്നിട്ട നാൾവഴികളിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടം.

**എന്താണ് NAAC?**

പ്രാചീന കാലം മുതൽക്കുതന്നെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യമുണ്ടായിരുന്ന രാജ്യമാണ് ഇന്ത്യ. ലോകത്തിലെ തന്നെ ഏറ്റവും വലുതും വൈവിധ്യ പൂർണ്ണവുമായ



വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ത്യയിലുള്ളത്. ഓരോ കാലഘട്ടത്തിലും സംഭവിച്ച മാറ്റങ്ങളുടെ ഫലമായി വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്ക്കരണം, വ്യാപകമായ വിപുലീകരണം, വർദ്ധിച്ച സ്വയംഭരണം, പുതിയതും ഉയർന്നുവരുന്നതുമായ മേഖലകളിൽ പ്രോഗ്രാമുകളുടെ ആമുഖം എന്നീ കാര്യങ്ങൾ ഉന്നത വിദ്യാഭ്യാസത്തിലേക്കു കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ സാഹചര്യമൊരുക്കി. അതേസമയം ഗുണനിലവാരത്തിലും, പ്രസക്തിയിലുമുള്ള വ്യാപകമായ ആശങ്കകളും ഉന്നത വിദ്യാഭ്യാസമേഖലയിൽ രൂപപ്പെടുകയുണ്ടായി. ഈ ആശങ്കകൾ പരിഹരിക്കുന്നതിനായി 1986 ലെ ദേശീയ വിദ്യാഭ്യാസ നയവും (NPE) 1992 ലെ പ്രവർത്തന പരിപാടികളും ചേർന്ന് തന്ത്രപരമായ ചില പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച ഒരു സ്വതന്ത്ര ദേശീയ അക്രഡിറ്റേഷൻ ഏജൻസിയാണ് NAAC അഥവാ National Assessment and Accreditation Council. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന NAAC ഒരു സ്വയംഭരണ സ്ഥാപനം കൂടിയാണ്. ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ക്രോസ് സെക്ഷനിൽ നിന്നുള്ള വിദ്യാഭ്യാസ അഡ്മിനിസ്ട്രേറ്റർമാർ, പോളിസി മേക്കർമാർ, മുതിർന്ന അക്കാഡമി വിദഗ്ധർമാർ എന്നിവരടങ്ങുന്ന ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ വഴിയാണ് NAAC പ്രവർത്തിച്ചുവരുന്നത്. നമുക്കും വേണം NAAC എന്ന ആലോചനായോഗങ്ങൾ പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യമുള്ള സെന്റ് മേരീസ് കോളേജും നടത്തി. അതിന്റെ ഭാഗമായി 2020 ജനുവരിയിൽ കോളേജ് പ്രിൻസിപ്പാൾ ഫാ. ഡെന്നി ചോലപ്പിള്ളിൽ, മുൻ പ്രിൻസിപ്പാൾ ഫാ. ജോസ് മാത്യു പാറയിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ എന്നിവർ വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും, ഈ സ്ഥാപനത്തിൽ Internal Quality Assurance Cell (IQAC) രൂപം നൽകുകയും ചെയ്തു. കൊമേഴ്സ് വിഭാഗം അധ്യാപകനായ ബിജുമോൻ സ്കറിയ സാറിനെ IQAC കൺവീനറായി നിയമിക്കുകയും ചെയ്തു.

കോവിഡ് മഹാമാരി ലോകത്തെ കീഴ്പ്പെടുത്തിയ കാലമായിരുന്നിട്ടും അതിജീവിനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഈ കലാലയവും പങ്കുചേർന്നു. ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ഓൺലൈനായി ഒട്ടേറെ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. NAAC അക്രഡിറ്റേഷൻ നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മാനേജ്മെൻറ് അധികാരികൾ അധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിച്ചു.

പരിമിതമായ അറിവുകൾ മാത്രമായാണ് NAAC അക്രഡിറ്റേഷൻ നേടുക എന്ന ലക്ഷ്യത്തിലേക്ക് നാം കാലെടുത്തുവെച്ചത്. അതിനാൽ തന്നെ ഒട്ടേറെ മാർഗനിർദേശങ്ങളും പഠനങ്ങളും അക്രഡിറ്റേഷൻ സംബന്ധമായി നേടേണ്ടിയിരുന്നു. അതിന്റെ ഭാഗമായി അധ്യാപകർക്കായി NAAC അക്രഡിറ്റേഷൻ സംബന്ധമായ ഒട്ടേറെ ഓറിയന്റേഷൻ പരിപാടികൾ സംഘടിപ്പിച്ചു. പൊന്നാനി എം.ഇ.എസ് കോളേജ് അധ്യാപകനായ ലിംസീർ അലി പി എ, വളാഞ്ചേരി എം ഇ എസ് കെ വി എം കോളേജിലെ രാജേഷ് സി, കുട്ടിക്കാനം മരിയൻ കോളേജിലെ ഡോക്ടർ ബിനു തോമസ്, വാഴക്കുളം വിശ്വജ്യോതി കോളേജിലെ ആൻഡ്രൂസ് ജോസ്, ചെന്നൈ സെന്റ് ആൽബർട്ട് കോളേജിലെ ഡോ. ഹാരി ക്ലീറ്റസ് തുടങ്ങിയവരുടെ മാർഗനിർദ്ദേശങ്ങൾ നമുക്ക് ഏറെ പ്രയോജനകരമായിരുന്നു.

കുട്ടിക്കാനം മരിയൻ കോളേജിനെ നമ്മുടെ സ്ഥാപനം മെന്ററായി സ്വീകരിക്കുകയും അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

NAAC അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ഏഴു ക്രൈറ്റീരിയകൾ പരിചയപ്പെടുകയും ഓരോ ക്രൈറ്റീരിയയിലേയ്ക്കും ഒരു സംഘം അധ്യാപകരെ നിയമിക്കുകയും ചെയ്തു. അധ്യാപകരിൽ നിന്ന് തന്നെ ക്രൈറ്റീരിയ കോഡിനേറ്റർമാരെ നിയോഗിച്ചു. Curricular Aspects, Teaching Learning and Evaluation, Reserch, Innovation and Extension, Infrastrecture and Learning Resources, Student Support and Prograssion,Governance, Leadershipand management, Iinstitutional Values and Best Practice എന്നിങ്ങനെയുള്ള ഏഴ് ക്രൈറ്റീരിയകളെ അടിസ്ഥാനമാക്കി കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ (2017-2023) കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവിധ രേഖകളുടെയും സമാഹരണം നടത്തുകയുണ്ടായി. അതോടൊപ്പം തന്നെ കോളേജിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, വിവിധ ക്ലബ്ബുകൾ, സെല്ലുകൾ, NSS തുടങ്ങിയവയുടെയെല്ലാം പ്രവർത്തന രേഖകൾ കൃത്യമായ തെളിവുകളോടെ ശേഖരിക്കുകയുണ്ടായി.

കോളേജിന്റെ ബെസ്റ്റ് പ്രാക്ടീസ് ആയി Care, Education Excellence എന്നീ രണ്ട് പ്രവർത്തനങ്ങളെ തെരഞ്ഞെടുത്തു. ഭാഷാ സംസ്കാരങ്ങളുടെ ഉന്നതി ലക്ഷ്യം വെച്ചുകൊണ്ട് കോളേജിന്റെ ആരംഭകാലം മുതൽ നടന്നുവരുന്ന മലയാള വേദിയെയും തെരഞ്ഞെടുക്കുകയുണ്ടായി.

NAAC വർക്കുകൾ ഏറ്റവും കാര്യക്ഷമമായി ചെയ്തു തീർക്കുന്നതിനായി ആഴ്ചയിൽ ഒരു ദിവസം കോളേജിന് അവധി നൽകുകയും ആ ദിവസം പൂർണ്ണമായും ക്രൈറ്റീരിയ സംബന്ധമായ ജോലികൾക്കും ഡിപ്പാർട്ട്മെൻറ് വർക്കുകൾക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

2023 മാർച്ച് മാസത്തിൽ ഫയൽ വർക്കുകൾ വേഗത്തിൽ ചെയ്തുതീർക്കുന്നതിനായി പൊളിറ്റിക്കൽ സയൻസ് അധ്യാപകൻ റാഫി സാറിനെ IQAC കൺവീനറായി നിയമിക്കുകയും അദ്ദേഹത്തിൻെറ നേതൃത്വത്തിൽ 30 അംഗങ്ങൾ അടങ്ങുന്ന ഒരു സ്പെഷ്യൽ IQAC ടീമിന് രൂപം നൽകുകയും ചെയ്തു. സ്പെഷ്യൽ IQAC ടീമിൻെറ അശ്രാന്തപരിശ്രമത്താൽ ഫയൽ വർക്കുകൾ പൂർണമായും പൂർത്തീകരിച്ചു. Self Study Rreport അഥവാ SSR തയ്യാറാക്കുക എന്ന കടമ്പ 100% പൂർത്തിയാക്കിയ ശേഷം 2023 മാർച്ച് 30ന് IIQA (Institutional Information for Quality Assessment) സമർപ്പിക്കാൻ നമുക്ക് സാധിച്ചു. പിന്നീട് 60 ദിവസങ്ങൾക്ക് ശേഷം 2023 ജൂൺ ആറാം തീയതി SSR SUBMIT ചെയ്യുകയും ചെയ്തു.

SSR പരിശോധനയിൽ ഉയർന്ന സ്കോർ കരസ്ഥമാക്കാൻ നമുക്ക് സാധിച്ചു. കണക്കുകൂട്ടലുകൾക്കും കാത്തിരിപ്പുകൾക്കും ഒടുവിൽ NAAC Peer Team കോളേജ് സന്ദർശിക്കുന്ന തീയതികൾ. നവംബർ 1, 2 തീയതികളിലായി മൂന്ന് അംഗങ്ങൾ അടങ്ങിയ സംഘം കോളേജിൽ എത്തിച്ചേരും എന്ന അറിയിപ്പ് ലഭിക്കുകയുണ്ടായി. ഡോ. രജനിഷ് കമ്മത്ത്, ഡോ. പ്രിയംവദ ശ്രീവാസ്തവ, ഡോ. ജയശ്രീ ഘോഷ് എന്നിവർ ഒക്ടോബർ 31 ന് കരിപ്പൂർ വിമാനത്താവളത്തിൽ എത്തിച്ചേർന്നു. പ്രിൻസിപ്പാൾ ഫാ. ടെന്നി ചോലപ്പിള്ളിയുടെ നേതൃത്വത്തിൽ എയർപോർട്ടിൽ ഹൃദ്യമായ സ്വീകരണം നൽകുകയും പുലാമന്തോൾ എമറാൾഡ് ഹോട്ടലിൽ താമസസൗകര്യം ഒരുക്കുകയും ചെയ്തു.


നവംബർ 1 കേരളപ്പിറവി ദിനത്തിൽ NAAC Peer Team കോളേജിൽ എത്തിച്ചേർന്നു. മലയാളം ഡിപ്പാർട്ട്മെന്റ് മേധാവി ലീലടീച്ചറുടെ നേതൃത്വത്തിൽ കേരള കലാരൂപങ്ങളും വാദ്യഘോഷങ്ങളും അണിനിരത്തിക്കൊണ്ട് ആചാരപരമായ വരവേൽപ്പ് കോളേജ് കവാടം മുതൽ ഓപ്പൺ ഓഡിറ്റോറിയം വരെയുള്ള ഭാഗത്ത് ഒരുക്കി. NAAC സന്ദർശനത്തോടനുബന്ധിച്ച് കോളേജ് മാനേജ്മെന്റ് നൽകിയ യൂണിഫോം വസ്ത്രങ്ങൾ ധരിച്ച് അധ്യാപക അനധ്യാപകരും, കോളേജ് യൂണിഫോം ധരിച്ച് വിദ്യാർത്ഥികളും കരഘോഷത്തോടെ NAAC Peer ടീമിനെ സ്വീകരിച്ചു.

ഓപ്പൺ ഗ്രൗണ്ടിൽ തയ്യാറാക്കിയ അത്തപ്പൂക്കളവും നിലവിളക്കും സമൂഹ തിരുവാതിരയും സ്വീകരണ ചടങ്ങിന് മാറ്റുകൂട്ടി. നിലവിളക്ക് തെളിയിച്ച ശേഷം പ്രിൻസിപ്പാൾ ചേംബറിലേക്കു ആനയിക്കപ്പെട്ട Peer Team അവിടെവച്ച് Principal Presantation വീക്ഷിച്ചു. പിന്നീട് IQAC Presantation, Department Presantation എന്നിവയെല്ലാം നടത്തുകയും ചെയ്തു



പിന്നീട് വിവിധ ഡിപ്പാർട്ട്മെന്റ്, ലാബ്, ലൈബ്രറി തുടങ്ങി കോളേജിന്റെ എല്ലാ തലങ്ങളും പരിശോധിച്ചു കാര്യങ്ങൾ ഉറപ്പുവരുത്തി. P T A, അലുമിനി, വിദ്യാർത്ഥി പ്രതിനിധികൾ, അധ്യാപകർ അനധ്യാപകർ, വിവിധ ക്ലബ് അംഗങ്ങൾ തുടങ്ങിയവരുമായുള്ള കൂടിക്കാഴ്ച ഓഡിയോ വിഷ്വൽ ലാബിൽ വെച്ച് നടത്തുകയുണ്ടായി.

വൈകുന്നേരം അഞ്ചുമണിയോടുകൂടി ഓഡിറ്റോറിയത്തിൽ




വച്ച് 95 ഓളം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളീയ കലാരൂപങ്ങളും ഇന്ത്യൻ കലകളും ഉൾപ്പെടുത്തിക്കൊണ്ട് 45 മിനിറ്റ് ദൈർഘ്യമുള്ള കൾച്ചറൽ പ്രോഗ്രാം അരങ്ങേറി.

നവംബർ രണ്ടാം തീയതി NAAC Peer ടീം, കോൺഫറൻസ് ഹാളിൽ വച്ച് സന്ദർശനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി. അധ്യാപകർ അനധ്യാപകർ, മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരെ സാക്ഷിയാക്കി റിപ്പോർട്ട് കോളേജ് പ്രിൻസിപ്പാളിന് കൈമാറി. വൈകുന്നേരം അഞ്ചുമണിയോടെ exit meet നടത്തി Peer team അംഗങ്ങൾ കോളേജിൽ നിന്ന് മടങ്ങി.

ആകാംക്ഷാപൂർവ്വമായ കാത്തിരിപ്പിനൊടുവിൽ സെന്റ് മേരിസ് കോളേജിന് Re-visit നു വേണ്ടി തയ്യാറെടുക്കാനുള്ള അറിയിപ്പ് ലഭിച്ചത് ഏവരെയും നിരാശയിലാക്കി. എന്നിരുന്നാലും കോളേജ് പ്രിൻസിപ്പാൾ ഫാ. ഡെന്നി ചോലപ്പിള്ളിയും, വൈസ് പ്രിൻസിപ്പാൾ ഫാ. ചാക്കോ കൊച്ചുപറമ്പിലും മറ്റു മാനേജ്മെന്റ് പ്രതിനിധികളും നൽകിയ പ്രോത്സാഹനവും ധൈര്യവും ഒന്ന് ചേർന്നപ്പോൾ കോളേജ് NAAC Peer ടീമിന്റെ Revisit നുവേണ്ടി വീണ്ടും പൂർവാധികം ശക്തിയോടും ഭംഗിയോടുകൂടി ഒരുങ്ങി.

2024 ജനുവരി 30, 31 തീയതികളിലായി ഡോ. രാജശേഖർ പട്ടേറ്റി, ഡോ. ആശാ രാജീവ്, ഡോ. സുധാകർ ബൊക്കെഫോഡെ എന്നിവരടങ്ങുന്ന NAAC Peer ടീം കോളേജിൽ എത്തിച്ചേർന്നു. ആദ്യ സന്ദർശനത്തിന് സമാനമായ രീതിയിൽ കോളേജിന്റെ എല്ലാവിധ പ്രവർത്തനങ്ങളെ കുറിച്ചുമുള്ള റിപ്പോർട്ടുകളും, രേഖകളും പരിശോധിക്കുകയും കോളേജിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

വീണ്ടും അധ്വാനഫലത്തിനായുള്ള കാത്തിരിപ്പ് തുടർന്നു. ഫെബ്രുവരി ഏഴാം തീയതി NAAC പ്രതിനിധികളിൽ നിന്നുള്ള അറിയിപ്പ് കോളേജിൽ ലഭിച്ചു. CGPA 3.45 എന്ന ഉയർന്ന സ്കോർ നേടി NAAC A+ എന്ന ഉന്നത സ്ഥാനം സെന്റ് മേരിസ് കോളേജിന് സ്വന്തം. ഇന്ന് NAAC അക്രഡിറ്റേഷന്റെ ഏറ്റവും ഉയർന്ന സ്കോർ കരസ്ഥമാക്കി കൊണ്ട് മലപ്പുറം ജില്ലയിലെ തന്നെ പേരെടുത്ത ഒരുകലാലയമായി മാറിയ ഈ സ്ഥാപനത്തിന് ഇനിയും അക്ഷര വെളിച്ചം പകർന്നു നൽകി സാമൂഹ്യ പ്രതിബദ്ധതയുള്ള തലമുറകളെ വളർത്തിക്കൊണ്ടുവരാൻ സാധിക്കട്ടെ.



# മക്കൾ

## വിശുദ്ധിയിൽ വളരാൻ

മേരിക്കുട്ടി ടീച്ചർ

കർത്താവിന്റെ
ദാനമാണ് മക്കൾ,
ഉദരഫലം ഒരു
സമ്മാനവും
(സങ്കീ 127:3)



ദൈവത്തിന്റെ ഏറ്റവും വലിയ സമ്മാനമാണ് കുട്ടികൾ. ഒരു സമ്മാനത്തിന്റെ വില നിശ്ചയിക്കുന്നത് അത് ആരു തന്നു എന്നതിനെ ആശ്രയിച്ചാണ്. അൻപതു രൂപയുടെ ഒരു പേന ഒരു സാധാരണ വ്യക്തി നിങ്ങൾക്കു നൽകിയാൽ നിങ്ങളതു ശ്രദ്ധിക്കുക പോലുമില്ല. അതു നഷ്ടപ്പെട്ടാലും നിങ്ങൾക്കു ദുഃഖമുണ്ടാകുകയില്ല. എന്നാൽ ആ പേന നിങ്ങൾക്കു ഇഷ്ടമുള്ള പ്രധാനമന്ത്രിയോ, മാർപാപ്പയോ തന്നാലോ? നിങ്ങൾ ഈ പേനക്ക് വലിയ മൂല്യം നൽകും. കണ്ടുമുട്ടുന്നവരോടൊക്കെ ഈ സമ്മാനം ലഭിച്ച വിവരം നിങ്ങൾ വിശദീകരിക്കും. അതു നഷ്ടപ്പെടാതിരിക്കാൻ വളരെ ശ്രദ്ധിക്കുകയും ചെയ്യും.

വളർന്നു കൊണ്ടിരിക്കുന്ന കുട്ടികൾ അവരുടെ മൂല്യം അറിയുന്നില്ല. അവരെ വളർത്തുന്നവരാണ് ഈ മൂല്യം അവരെ പഠിപ്പിക്കേണ്ടത്. സർവ്വ ശക്തനായ ദൈവത്തിന്റെ കരവേലയാണ് മക്കൾ. ദൈവം തന്റെ സാദൃശ്യത്തിലും ഛായയിലുമാണ് ഓരോ കുഞ്ഞിനെയും സൃഷ്ടിക്കുന്നത്. എന്നിട്ട് ഈ കുഞ്ഞിനായി മാതാപിതാക്കളെ ദൈവം തന്നെ തിരഞ്ഞെടുക്കുന്നു. അതിനാൽ വലിയ ഉത്തരവാദിത്വമാണ് മാതാപിതാക്കൾക്കുള്ളത്. കാലഘട്ടത്തിനനുസൃതമായ പല മാറ്റങ്ങൾക്കും ഇന്നും നമ്മുടെ കുഞ്ഞുങ്ങൾ വിധേയരാണ്. തിന്മയുടെ ശക്തികൾ നമ്മുടെ കുഞ്ഞുങ്ങളെ നന്മയിൽ നിന്നും അകറ്റാൻ ശ്രമിക്കുന്നു. ദൈവത്തിന്റെ ആലയമായ അവരുടെ ശരീരത്തെയും മനസ്സിനെയും അശുദ്ധമാക്കാൻ ശ്രമിക്കുന്നു. ശരിയും തെറ്റും തമ്മിൽ തിരിച്ചറിയാതെ കാലിടറുന്ന മക്കളെ സഹായിക്കാൻ വേണ്ടിയാണ് ദൈവം അവർക്ക് മാതാപിതാക്കളെ നൽകിയിരിക്കുന്നത്.

അഞ്ചു വർഷം മുമ്പ് ഒരു പിതാവ് തന്റെ മകനെ എന്റെയടുക്കൽ കൊണ്ടുവന്നു. ആ മകന് പഠിക്കാൻ പറ്റുന്നില്ല. ക്ലാസിലെ കുട്ടികളോട് കൂട്ടുകൂടാനോ പൊരുത്തപ്പെടാനോ കഴിയുന്നില്ല. അദ്ധ്യാപകരോട് കടുത്ത വെറുപ്പാണ്. വീട്ടിൽ എപ്രകാരമാണ് ഈ മകൻ ഇടപെടുന്നതെന്ന് ഞാൻ ചോദിച്ചറിഞ്ഞു. എല്ലാ സഹോദരങ്ങളോടും മാതാപിതാക്കളോടും അവൻ എന്നും വഴക്കാണ്. അമ്മ അടിതെറ്റി വീഴാൻ മുറിയുടെ വാതിൽക്കൽ മുതൽ അടുക്കളവരെ അവൻ രാത്രിയിൽ വെള്ളമൊഴിച്ചിടും. അമ്മ തെന്നിവീണാൽ എന്തെല്ലാം സംഭവിക്കാമെന്ന് അവൻ ചിന്തിക്കുന്നില്ല. എന്തു വികാരമാണ് അവനെ നയിക്കുന്നത്. ഞാൻ പല പ്രാവശ്യം ഈ കുട്ടിയെ ശ്രവിച്ചു. അവനെ മനസ്സിലാക്കാൻ ശ്രമിച്ചു. ക്രിയാത്മകമായി എങ്ങനെ പ്രവർത്തിക്കാം എന്ന് പറഞ്ഞു കൊടുത്തു. ഈശോയുമായി ഒരു അടുത്ത ബന്ധം അവനുണ്ടാകുവാൻ വേണ്ട സഹായമെല്ലാം മാതാപിതാക്കൾ നൽകിക്കൊണ്ടിരുന്നു. അസാമാന്യമായ ഒരു സന്തോഷവും സമാധാനവും അവനിൽ നിറയാൻ തുടങ്ങി. അവൻ സ്നേഹിക്കാനും ക്ഷമിക്കാനും കൂട്ടുകൂടുവാനും പഠിച്ചു. തെറ്റുകൾ തിരുത്തി. മാതാപിതാക്കളെ സ്നേഹിക്കാനും അനുസരിക്കാനും തുടങ്ങി. ആ കുട്ടി 95% മാർക്കു വാങ്ങി പത്താം ക്ലാസ്സിൽ ജയിച്ചു. ഇപ്പോൾ ഒരു ഡോക്ടറാകണം എന്ന ചിന്തയോടെ പഠനം തുടരുന്നു. അവൻ ഒരു അനുഗ്രഹമായി മാറിക്കൊണ്ടിരിക്കയാണ്.

ഇന്നവന് അവനെക്കുറിച്ചുള്ള ദൈവീക പദ്ധതിയിൽ സഹ കരിക്കാൻ സാധിക്കുന്നു. അവന്റെ മാതാപിതാക്കൾക്ക് സന്തോഷവും സമാധാനവുമുണ്ട്.

ഈ കാലഘട്ടത്തിൽ നമ്മുടെ മക്കൾ നേരിടുന്ന ധാരാളം വെല്ലുവിളികളുണ്ട്. നിരീശ്വരവാദം, വിശ്വാസ മേഖലകളിൽ നേരിടുന്ന ചോദ്യങ്ങൾ, അമിതമായ സ്മാർട്ട് ഫോൺ ഉപ യോഗം, ആത്മവിശ്വാസക്കുറവ് ആദിയായവ കുട്ടിയുടെ വ്യക്തിത്വത്തെപ്പോലും മാറ്റി മറിക്കും. കൂട്ടുകാരിൽ നിന്നും കിട്ടുന്ന അറിവുകൾ എല്ലാം ശരിയാകണമെന്നില്ല. മക്കൾക്കു മനസ്സിൽ സംശയം തോന്നുന്ന കാര്യങ്ങൾ മാതാപിതാക്കളുമായി സംസാരിച്ചു പരിഹാരിക്കാനുത കുന്ന ഒരു അന്തരീക്ഷം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാ യിരുന്നാൽ രക്ഷയ്ക്കു വകയായി.

കാലചക്രം തിരിയുന്ന കൂട്ടത്തിൽ കാഴ്ചപ്പാടിന്റെ ഗതി യിലും കാതലായ മാറ്റം വന്നിരിക്കുന്നു. പണ്ടൊക്കെ ഒരു നല്ല കുട്ടിയാണവൻ എന്നു കേൾക്കുന്നത് ഒരു സാധാരണ സംഭവം ആയിരുന്നു. സ്കൂളിലും പള്ളിയിലും അത്തരം കുട്ടികളെ അദ്ധ്യാപകർ പ്രോത്സാഹിപ്പിച്ചിരുന്നു. പ്രശ്നക്കാരായവരെ നേർവഴിയിലേക്കു നടത്താനും അദ്ധ്യാപകരും മാതാപിതാക്കളും ഒരുമിച്ച് ശ്രമിച്ചിരുന്നു. ഇക്കാലഘട്ടത്തിൽ തിരുത്തലുകൾ ശ്രമകരമാണ്. കുറച്ച് ഉഴപ്പുന്നവരാണ് മിടുക്കർ എന്ന് മിഥ്യാ ധാരണ പരക്കെ വ്യാപിച്ചിട്ടുണ്ട്. അലമ്പൻമാരെ, ഡ്രഗ്ഗ്സ് എടുക്കുന്നവരെ, അശ്ലീല ഭാഷ ഉപയോഗിക്കുന്നവരെ, വഴിവിട്ടു നടക്കുന്ന വരെ പ്രേമിക്കുന്നതിൽ താൽപര്യമുള്ള പെൺകുട്ടുകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കയാണ്.

ചിന്തയും വികാരവും വിവേകത്തോടെ കൈകാര്യം ചെയ്യാൻ ഇന്ന് പല കുട്ടികൾക്കും സാധിക്കുന്നില്ല. കൗമാരപ്രായം മുതൽ കൂട്ടുകാരുടെ വാക്കുകളും ഉപദേശ ങ്ങളും മുഖവിലക്ക് എടുത്തു തുടങ്ങും. മാതാപിതാക്കളെ എതിർക്കുന്നത് ഒരു കഴിവായിട്ട് വരെ വ്യാഖ്യാനിക്കപ്പെ ടാം. അപ്പനുമമ്മയും നല്ല മാർഗ്ഗം പറഞ്ഞു കൊടുത്താൽ അതു സ്വാതന്ത്രമില്ലായ്മയായി ചിത്രീകരിക്കപ്പെടും.

അധികം താമസിക്കാതെ കേരളത്തിലെ പുതുതലമുറ കഷ്ടതയുടെ പടവുകൾ കയറേണ്ടി വരുന്ന ലക്ഷണങ്ങ ളൊക്കെ ഇന്നു നമ്മുടെ സമൂഹത്തിൽ സംഭവിക്കുന്നുണ്ട്. ഒരു ജോലിതേടി ആയിരക്കണക്കിനു യുവാക്കൾ ഇന്നു വിദേ ശത്തേക്ക് ചേക്കേറുകയാണ്. നമ്മുടെ യുവജനങ്ങൾ അഴുക്കു ചാലുകളിൽ പെടാതിരക്കണമെങ്കിൽ ദൈവസ്നേഹത്താൽ നിറഞ്ഞ്, ദൈവവചനം അനുസരിച്ചു ജീവിക്കുന്നവരാകണം.

മക്കൾ പഠിച്ചു വലിയവരായിത്തീരുന്നതു സ്വപ്നം കാണാ ത്ത മാതാപിതാക്കളില്ല. എന്നാൽ സ്വന്തം ജീവിതത്തിൽ സ്വപ്നം കാണാൻ കഴിയാത്ത, ആത്മവിശ്വാസമില്ലാത്ത ധാരാളം കുട്ടികളെ ഇന്നു സമൂഹത്തിൽ കാണാം. കഴിഞ്ഞ നാലുപതിറ്റാണ്ടിനുള്ളിൽ പതിനായിരക്കണക്കിനു കുട്ടികളെ ഓരോ വർഷവും നേരിട്ടു കണ്ടു സംസാരിക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ അവരുടെ പ്രശ്നം മാതാപിതാക്കൾ അവരെ വേണ്ടത്ര സ്നേഹിക്കു ന്നില്ല, വഴക്കുപറഞ്ഞു, മനസിലാക്കുന്നില്ല, ആഗ്രഹിച്ച

“

പണ്ടൊക്കെ ഒരു നല്ല കുട്ടിയാണവൻ എന്നു കേൾക്കുന്നത് ഒരു സാധാരണ സംഭവം ആയി രുന്നു. സ്കൂളിലും പള്ളിയിലും അത്തരം കു ട്ടികളെ അദ്ധ്യാപകർ പ്രോത്സാഹിപ്പിച്ചിരുന്നു. പ്രശ്നക്കാരായവരെ നേർവഴിയിലേക്കു നടത്താ നും അദ്ധ്യാപകരും മാതാപിതാക്കളും ഒരുമിച്ച് ശ്രമിച്ചിരുന്നു. ഇക്കാലഘട്ടത്തിൽ തിരുത്തലു കൾ ശ്രമകരമാണ്. കുറച്ച് ഉഴപ്പുന്നവരാണ് മിടുക്കർ എന്ന് മിഥ്യാ ധാരണ പരക്കെ വ്യാപി ച്ചിട്ടുണ്ട്. അലമ്പൻമാരെ, ഡ്രഗ്ഗ്സ് എടുക്കുന്ന വരെ, അശ്ലീല ഭാഷ ഉപയോഗിക്കുന്നവരെ, വഴി വിട്ടു നടക്കുന്നവരെ പ്രേമിക്കുന്നതിൽ താല് പര്യമുള്ള പെൺകുട്ടുകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കയാണ്.

സാധനങ്ങൾ വാങ്ങിച്ചു തന്നില്ല എന്നൊക്കെയായിരുന്നു.

എന്നാൽ ഇക്കാലത്ത് കുട്ടികൾ ഒന്നിനും കുറവില്ലാതെ വളരണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നു. കുട്ടിക ളുടെ ഡിമാന്റ്സ് അതനുസരിച്ചു കൂടുന്നു. വിലകൂടിയ സ് മാർട്ട് ഫോൺ കിട്ടിയില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന് ഭീക്ഷണി മുഴക്കാനും ഇന്നു മക്കൾക്കു മടിയില്ല.

ഡാമിയൻ എന്ന 5 വയസ്സുകാരൻ ഭക്ഷണം കഴിക്കണമെ ങ്കിൽ കുർട്ടൂൺ കാണിക്കണം. ഇതൊരു ശീലമായി മാറി. ഗത്യന്തരമില്ലാതെ 2023 ജൂൺ മാസത്തിൽ മാതാപിതാക്കൾ എന്റെയടുത്തവനെ കൊണ്ടു വന്നു. കുട്ടിയും ഞാനും ഒരു മിച്ചു കുറെ സമയം നടന്നു. തത്സമയം ഈശോ ഡാമിയനെ ഒത്തിരി സ്നേഹിക്കുന്നു എന്ന് പറഞ്ഞു കൊടുത്തു. അവധി കഴിഞ്ഞവർ കാലിഫോർണിയായിലേക്ക് തിരി കെ പോയി. അവനെ സ്കൂളിൽ ചേർത്തു. നൻമയിലേ ക്കുള്ള കുഞ്ഞിന്റെ ചായ്വ് അദ്ധ്യാപകർ ശ്രദ്ധിച്ചു. 2024 ജാനുവരി മാസത്തിൽ അവനെ "Fruit of the Holy Spirit" ആയി തിരഞ്ഞെടുത്തു. അതിനാൽ, മാതാപിതാക്കൾ 2024 ജൂണിൽ വീണ്ടും ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ വന്നു. കുടുംബസമേതം ധ്യാനം കൂടി. രണ്ടാമത്തെ കുട്ടിക്കു മൂന്നാമത്തെ കുഞ്ഞിനെ ഇഷ്ടമില്ല. ധ്യാനം കഴിഞ്ഞ് മാതാപിതാക്കൾ 2–ാം മത്തെ കുഞ്ഞിൽ ദൈവസ്നേഹം നിറയാൻ പ്രാർത്ഥിച്ചു. ഇപ്പോൾ മൂന്നാമത്തെ കുഞ്ഞിനെ അവൾക്കിഷ്ടമാണ്. അപ്പനും അമ്മയും കുഞ്ഞുവാവയെ എടുക്കാനും ആഹാരം നൽകാനും അവൾ അനുവദിക്കും. മാതാപിതാക്കൾക്ക് എന്തൊരു ആശ്വാസം! വളർച്ചയുടെ ഘട്ടത്തിൽ നമുക്കു വേണ്ടതെല്ലാം നൽകുന്ന നല്ല കർ ത്താവിനെ സ്നേഹിക്കാം. മക്കൾക്കു ഈ ദൈവത്തെ കാണിച്ചു കൊടുക്കാം.



# കൃപ നിറഞ്ഞ മറിയമേ സ്വസ്തി

ബ്ര. സ്റ്റെഫിൻ ജേക്കബ്

പാദ്മോസ് ദ്വീപിലെ ഏകാന്തതയിലും തീവ്ര വേദനയിലും യോഹന്നാൻ പറഞ്ഞത് ‘സ്നേഹം... സ്നേഹം... എന്ന് മാത്രമാണ്. യോഹന്നാൻ ഇത്തരത്തിൽ മാറിയതെങ്ങനെയാണ് ആദ്യ നാളുകളിലെ യോഹന്നാനെ ഓർമ്മയില്ലേ...? ഗുരുവിന്റെ നാമത്തിൽ പിശാശുക്കളെ ബഹിഷ്കരിക്കുന്ന ഒരു ശുശ്രൂഷകനെ കണ്ടപ്പോൾ യോഹന്നാന് വല്ലാത്ത അസ്വസ്ഥത. പിന്നെ ഒന്നും നോക്കിയില്ല, ആരോടും ചോദിച്ചില്ല, ഗുരുവിനെ പോലും അറിയിച്ചില്ല. ആ ശുശ്രൂഷകനെ തടഞ്ഞു (ലൂക്കാ 9:49–50). ഒരു ശുശ്രൂഷകന്റെ ശുശ്രൂഷിയെ തടസ്സപ്പെടുത്തുന്ന എടുത്തുചാട്ടക്കാരനായ യോഹന്നാൻ.

ഒരിക്കൽ സമരിയാക്കാർ ക്രിസ്തുവിനെ സ്വീകരിക്കാതിരുന്നപ്പോൾ, യോഹന്നാന്റെ മനസ്സ് വല്ലാതെ കഠിനമാകുന്നുണ്ട്. ഏതാനും ആളുകൾ തന്റെ ഗുരുവിനെ തിരസ്കരിച്ചപ്പോൾ ആ നഗരത്തെ മുഴുവൻ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന ശിഷ്യൻ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി നഗരത്തെ നശിപ്പിക്കാൻ പ്രാർത്ഥിക്കുന്ന യോഹന്നാൻ (ലൂക്കാ 9:51–56).

ഗുരു പ്രാർത്ഥിക്കുന്നതെന്തും തനിക്ക് കിട്ടിയിരിക്കണം, താൻ ചോദിക്കുന്നതെന്തും നൽകിയിരിക്കണമെന്ന് ഗുരുവിനോട് നേരിട്ട് പറയുന്ന യോഹന്നാൻ (മാർക്കോസ് 10:35). സ്വർഗീയ മഹത്വത്തിൽ ക്രിസ്തു ഉപവിഷ്ടനാകുമ്പോൾ തൊട്ടടുത്ത് മറ്റാരും വേണ്ട, തനിക്ക് സീറ്റ് തരണമെന്ന് ആഗ്രഹം പ്രകടിപ്പിച്ച സ്വാർത്ഥനാകുന്ന യോഹന്നാൻ (മാർക്കോസ് 10:37). ഇങ്ങനെയൊക്കെയായിരുന്നു ആദ്യകാലങ്ങളിലെ യോഹന്നാൻ. എന്നാൽ, യോഹന്നാൻ എങ്ങനെയാണ് വ്യത്യാസ്സപ്പെട്ടത്? കുരിശിൻ ചുവട്ടിൽ നിസ്സഹായനായ നിൽക്കുന്ന യോഹന്നാന് ഗുരു ഒരു സമ്മാനം നൽകി. മേരിയമ്മ. ആ സമ്മാനം വരുത്തിയ മാറ്റമാണ് പിന്നീടുള്ള യോഹന്നാന്റെ ജീവിതം. കുരിശും ചുവട്ടിൽ നിന്ന് മേരി അമ്മയോടൊപ്പമാണ് യോഹന്നാന്റെ യാത്ര... മേരിയമ്മയ്ക്കൊപ്പം സ്വഭവനത്തിൽ മൂന്ന് ദിനങ്ങൾ പിന്നിട്ടപ്പോഴേക്കും യോഹന്നാന്റെ ജീവിതം വ്യത്യാസത്തിന്റെ വഴിയിലേക്ക് എത്തുകയായിരുന്നു.

മൂന്ന് ദിനങ്ങൾ മേരി അമ്മയ്ക്കൊപ്പം ആയിരുന്നപ്പോൾ ചെറുപ്പക്കാരനായ യോഹന്നാൻ പുതിയ മനുഷ്യനാകുന്നു. ആ അമ്മയുടെ സ്വഭാവ സവിശേഷതകളിലേക്ക് വളരുന്നു. മേരിയമ്മക്കൊപ്പം ഇരുന്നവരിൽ അമ്മ വരുത്തുന്ന വ്യത്യാസമിതാണ്. ജപമാല കൈകളിലും പരിശുദ്ധ അമ്മയോടുള്ള സ്നേഹം ഹൃദയത്തിലും വഹിച്ചുകൊണ്ട് സ്വർഗ്ഗം ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ. പരിശുദ്ധ അമ്മയുടെതായിരിക്കുക, അമ്മയ്ക്കായി സമ്പൂർണ്ണമായി സമർപ്പിക്കുക എന്നത് ആത്മീയ ജീവിത്തിൽ വിശുദ്ധിയിലേയ്ക്കുള്ള ഉപരിവളർച്ചയ്ക്ക് അവശ്യപടിയാണ്. വിശുദ്ധാത്മാക്കളൊക്കെയും ഈ സത്യം ഗ്രഹിച്ചിരുന്നു. ജപമാല മണികൾ സ്വന്തം ഹൃദയ താളമാക്കി ജീവിതത്തെ വിശുദ്ധീകരിക്കുവാൻ അവർ ശ്രമിച്ചു. യുവജനങ്ങളുടെ ലോകത്തെ ഏറെ സ്വാധീനിച്ച വിശുദ്ധ ഡോൺ ബോസ്കോ ഇപ്രകാരം പറയുന്നു: ‘ഞാൻ എന്റെ പതിവുകൾ ഏതെല്ലാം തെറ്റിച്ചാലും ജപമാല ഉപേക്ഷിക്കുകയില്ല. കാരണം, എന്റെ പ്രവർത്തനം അതിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഫാത്തിമയിൽ പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷ

പ്പെട്ടു പറഞ്ഞു: ''ഞാൻ ജപമാലയുടെ രാജ്ഞിയാണ്''. പാപം നിമിത്തം ഇതിനകം നിങ്ങൾ വളരെയേറെ ദ്രോഹിച്ച ദൈവത്തെ ഇനിയും ദ്രോഹിക്കാൻ പാടില്ല. ജപമാല അർപ്പിക്കുകയാണ് ഇതിന്റെ തക്ക പരിഹാരം. ജപമാലയെ ഹൃദയതാളമാക്കി ലോകത്തിന്റെ മാനസാന്തര ത്തിനായി നമുക്ക് പ്രയത്നിക്കാം.

ജപമാല മറിയത്തോടൊപ്പമുള്ള ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥനയാണ്. മറിയത്തിന്റെ മധ്യസ്ഥതയിലൂടെ ഈശോ യുടെ ഹൃദയത്തിൽ ഇടം പിടിക്കാൻ ജപമാല നമ്മെ സഹായിക്കുന്നു. പരിശുദ്ധ അമ്മയ്ക്ക് പൂർണ്ണമായി തന്നെ സമർപ്പിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഇപ്രകാരം പറയുന്നു: ''എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർ ത്ഥന ജപമാലയാണ്.''

ജപമാലയിൽ സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങളിൽ ഈശോയുടെ ജനനവും, ബാല്യവും, പ്രകാശത്തിന്റെ രഹസ്യത്തിൽ ഈശോയുടെ പരസ്യജീവിതവും, ദുഃഖരഹ സ്യങ്ങളിൽ ഈശോയുടെ സഹനമരണവും, മഹിമയുടെ രഹസ്യത്തിൽ ഈശോയുടെ ഉയിർപ്പും, ഉയർപ്പാനന്തര ജീവിതത്തിന്റെ ഓർമ്മകളുമാണ് നാം അനുസ്രിക്കുന്നത്. ജപമാലയിലൂടെ കുത്തൊഴുക്കായി വരുന്ന ഈ ഓർമ്മക ളുടെ മഴവില്ല് തെളിയിക്കുന്നത് ആകട്ടെ അമ്മ മേരിയും അവളുടെ അമ്മസ്നേഹവും സഹകരണവും ആണ്. യൂട്യൂബിൽ എലിസബത്ത് രാജുവിന്റെ ശബ്ദത്തിൽ കേൾ ക്കുന്ന ഷാജി തുമ്പേച്ചിറയിൽ അച്ചന്റെ വരികളിലൂടെ അകവും അർത്ഥവും അടിവര ഇടുന്നുണ്ട്. ''പൊട്ടിയിട്ടും കുട്ടിയിക്കെട്ടിയ പഴയ ഒരു ജപമാല വീട്ടിൽ ഉണ്ടായി രുന്നു സഹനത്തിൽ ഈശോയെ പിരിയാത്ത ഒരമ്മതൻ ഹൃദയസ്പന്ദനം'' അതിൽ കേട്ടിരുന്നു.

ഓരോ ജപമാല മണിയിലൂടെ വിരലുകൾ ചലിക്കുമ്പോൾ നമ്മുടെ അധരങ്ങൾ അമ്മയെ, നന്മ നിറഞ്ഞവൾ എന്ന് പ്രഘോഷിക്കുന്നു. ആ നന്മ നിറഞ്ഞ അമ്മയുടെ സ്നേ ഹവും കരുതലും സഹായവും നാം ജപമാല ചൊല്ലു ന്നത് വഴി അനുഭവിച്ചറിയുന്നു. നമുക്ക് അമ്മയോടുള്ള സ്നേഹം തെളിയിക്കാൻ അമ്മ തരുന്ന അവസരങ്ങളാണ് നാം ചൊല്ലുന്ന ഓരോ ജപമാലയും. വിശുദ്ധ ലൂയിസ് ഡി മോണ്ട്ഫോർട്ട് പറയുന്നുണ്ട്: 'മറിയം താങ്ങുള്ളപ്പോൾ നീ വീഴുകയില്ല. അവൾ സംരക്ഷിക്കുമ്പോൾ നീ ഭയപ്പെ ടേണ്ട, അവൾ നയിക്കുമ്പോൾ നീ ക്ഷീണിക്കുകയില്ല. അവൾ അനുകൂലമായിരിക്കുമ്പോൾ നീ നിത്യസൗഭാ ഗ്യത്തിലെ തുറമുഖത്ത് ചെന്നെത്തും. വിശുദ്ധരെല്ലാം പരിശുദ്ധ അമ്മയുടെ കൂട്ടുപിടിച്ച് വിശുദ്ധരായവരാണ്. അവരെയെല്ലാം അമ്മയുമായുള്ള സ്നേഹത്തിൽ യോജി പ്പിച്ചത് നിർത്തിയത് ജപമാലയാണ്. പരിശുദ്ധ അമ്മയ്ക്ക് ഉണ്ടായിരുന്ന എളിമയും ദാസീമനോഭാവവും ജപമാലയി ലൂടെ നമ്മളിൽ രൂപപ്പെടുകവഴി, നമുക്ക് ഓരോരുത്തർക്കും വിശുദ്ധരാകാനുള്ള കൃപയും നമ്മിൽ വന്നു നിറയുന്നു. നമ്മൾ മറിയത്തിന് അർപ്പിക്കുന്ന ഈ പ്രാർത്ഥനയി ലൂടെ, വിശുദ്ധിയുടെ പടവുകൾ കയറാൻ അമ്മ നമ്മെ സഹായിക്കുന്നു. നമ്മളെല്ലാം ബലഹീനരാണ്. നമുക്ക് അറിയാവുന്നതും അറിയാത്തതുമായ ബലഹീനത നമു

> ജപമാല കൈകളിലും പരിശുദ്ധ അമ്മ യോടുള്ള സ്നേഹം ഹൃദയത്തിലും വഹി ച്ചുകൊണ്ട് സ്വർഗ്ഗം ലക്ഷ്യമാക്കി തീർത്ഥാ ടനം ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ. പരിശുദ്ധ അമ്മയുടെതായിരിക്കുക, അമ്മയ് ക്കായി സമ്പൂർണ്ണമായി സമർപ്പിക്കുക എന്നത് ആത്മീയ ജീവിത്തിൽ വിശുദ്ധിയിലേയ്ക്കുള്ള ഉപരിവളർച്ചയ്ക്ക് അവശ്യപടിയാണ്.

ക്കുണ്ട്. എന്നാൽ ഈ അവസരത്തിൽ ഞാൻ കേൾക്കാൻ ഇടയായ ഒരു വാക്യം പങ്കുവയ്ക്കുകയാണ്. അതായത്, ബലമില്ലാത്തവരുടെ ബലമാണ് ജപമാല. ജപമാല ചൊല്ലുന്ന ഓരോരുത്തരും മറിയത്തിലൂടെ ശക്തരാക്കപ്പെടുന്നു. വിശുദ്ധ പാദ്രെ പിയോ പറയുന്നുണ്ട്. 'ജപമാലയാണ് ആയുധം' എന്ന്. നമ്മൾ നേരിടുന്ന എല്ലാ പ്രലോഭനങ്ങ ളിലും പ്രതിസന്ധികളിലും നാം തളർന്നു പോകുന്നത് ഏതൊരു പ്രതികൂല സാഹചര്യത്തിലും നമ്മെ ശക്ത രാക്കി തീർക്കാൻ ജപമാല പ്രാർത്ഥന നമ്മെ സഹായി ക്കുന്നു. ഓരോ ജപമാലയിലൂടെയും പരിശുദ്ധ അമ്മ നമുക്കുവേണ്ടി ദൈവത്തോട് മാധ്യസ്ഥം വഹിക്കുന്നു.

വിശ്വാസത്തോടെയും സ്നേഹത്തോടെയും നാം അമ്മ യ്ക്ക് സമർപ്പിക്കുന്ന ഓരോ നന്മനിറഞ്ഞ മറിയവും, അമ്മ തന്നെ പ്രിയപുത്രന് നല്കിക്കൊണ്ട്, നമുക്കുവേണ്ടി കൃപയായി അത് മാറ്റി തീർക്കുന്നു. വിശുദ്ധ പീയൂസ്സ് അഞ്ചാമൻ മാർപാപ്പാ പറയുന്നത് ഇപ്രകാരമാണ്: 'ജപ മാല കൃപയുടെ നിധിയാണ്'. ഇത്രയും വലിയ നിധിയാണ് ദൈവം നമുക്ക് ഓരോരുത്തർക്കും നൽകിയിരിക്കുന്നത്. വിശുദ്ധ കൊച്ചുത്രേസ്യായുടെ വാക്കുകൾ നമ്മെ ഇപ്ര കാരം ഓർമിപ്പിക്കുന്നു: 'ഭൂമിയെയും സ്വർഗ്ഗത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന വലിയ ചങ്ങലയാണ് ജപമാല. ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ പരിശുദ്ധ അമ്മയോട് കൂടുതൽ അടുക്കുവാനും ദൈവത്തോടുള്ള സ്നേഹ ബന്ധത്തിൽ വളരാനും ജപമാല നമ്മെ സഹായിക്കുന്നു. വിശുദ്ധ പയസ് പന്ത്രണ്ടാമൻ മാർപാപ്പാ ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു: 'കുടുംബത്തിന്റെമേൽ ദൈവാനുഗ്ര ഹം വിളിച്ചോതുന്നതിന് നിത്യമായുള്ള ജപമാല പാരാ യണത്തേക്കാൾ ഉറപ്പായ മാർഗ്ഗമില്ല'. ആയതിനാൽ, മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി നാം മാധ്യസ്ഥ്യം വഹിച്ച് ജപമാല ചൊല്ലുന്നതിലൂടെ, ഒട്ടേറെപേരുടെ മാനസാന്ത രത്തിന് ഇത് കാരണമാകുന്നു.



# ക്രിസ്തുവിന്റെ സ്നേഹിതൻ

ബ്ര. അലക്സ് ആന്റണി



സിസ്റ്റയിൽ ചാപ്പലിലെ കൗതുകങ്ങളുടെ ഇടയിലായിരുന്നു, ചരിത്രത്തിൽ എവിടെയോ വായിച്ചറിഞ്ഞ ചിത്രം കണ്ണുകളിൽ... മൈക്കലാഞ്ചലോയുടെ ക്രിയേഷൻ ഓഫ് ആദം. ദൈവത്തിന്റെയും മനുഷ്യന്റെയും കൈകൾക്കിടയിൽ എവിടെയോ ചേർക്കപ്പെടാത്ത ഒരു ചെറു അകലം. സൃഷ്ടാവിന്റെ വലത് കരത്തിൽ നിന്നും സൃഷ്ടിയുടെ ഇടത്തിലേക്കുള്ള അദൃശ്യമായ കൈമാറലുകൾ... കലാകാരൻ നിർത്തിയിടത്തുനിന്ന് ഒരു പിടി വരയ്ക്കാൻ ആഗ്രഹിക്കുന്നു. ആദാമിന്റെ പലതരം അപരിനിലൂടെ...

നാട്ടിലെ നാൽക്കവല എന്നൊക്കെ വിളിക്കാവുന്ന പോലെ ബോവിസിയോയിൽ വാഴ്ത്തപ്പെട്ട ലൂയിജി മരിയ മോണ്ടിയുടെ ഒരു ശില്പമുണ്ട്, സറോണക്ക് വിരൽ ചൂണ്ടുന്നത്... ജന്മനാട്ടിൽ നിന്നും തന്നെ ഒരു അദൃശ്യ കൈമാറലുകൾ നടക്കുന്നുണ്ട് എന്ന് പറഞ്ഞാൽ ആർക്കാണ് തടയാൻ ആവുക... 2024 ആണ്ടിൽ എത്തിനിൽക്കുമ്പോൾ 124 വർഷങ്ങളായി അദ്ദേഹം ഓർമ്മയായിട്ട് പക്ഷേ ഇന്നും സാധാരണ ജനങ്ങൾ (തെല്ലും മനഃപൂർവ്വം തന്നെയാ സാധാരണ എന്ന വാക്ക് ഉപയോഗിച്ചത്) നിരനിരയായി പാദരെ മോണ്ടി എന്ന വാക്ക് നെഞ്ചിൽ പേറുന്നു. (Monti Pizza, Monti Kabab എന്നൊക്കെ റസ്റ്റോറന്റുകളുടെ പേര് വായിച്ചപ്പോൾ ഉള്ളിലെ ചിരികളെ മായിച്ചതും ആ ചിന്തകൾ തന്നെ).

സാധാരണക്കാരുടെ അപ്പോസ്തോലനായി പത്രോസിനെ വിവരിക്കുന്നതായി കുറച്ചുനാളായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശരിയാണ്, വീണിട്ടും, തള്ളിപറഞ്ഞിട്ടും, സ്നേഹമെന്ന ഒറ്റ ഉത്തരത്തിൽ പരീക്ഷയിൽ വിജയിച്ച് നിഴലിൽപോലും യേശുവിനെ പകർന്നു... പീറ്ററിലൂടെ യേശുവിനെ അനുഗമിച്ചവരും അനുഗമിക്കാൻ ആഗ്രഹിക്കുന്നവരും നിർബന്ധമായും വായിച്ചിരിക്കേണ്ട മറ്റൊരു വ്യക്തിയാണ് വാഴ്ത്തപ്പെട്ട ലൂയിജി മരിയ മോണ്ടി, An Apostle of Charity.

അസാധാരണമായ ഒന്നുമില്ലാഞ്ഞിട്ടും സാധാരണക്കാർക്ക് അവൻ പാദ്രയെ മോണ്ടിയായ കഥ എനിക്കറിയില്ല... കൺമുമ്പിൽ അഭിനയപാാവംകൊണ്ട് അത്ഭുതം തീർക്കുന്ന സ്ക്രീനിലെ നായകനെപ്പോലെ, ശക്തമായ പ്രഭാഷണ പാാവത്താൽ ജയ് വിളിപ്പിക്കുന്ന നേതാവിനെ പോലെ, മില്യൻ വ്യൂവേഴ്സ്സും സബ്സ്ക്രൈബേർസും ഉള്ള സാമൂഹിക മാധ്യമങ്ങളിലെ influencers നെ പോലെ, അദ്ദേഹത്തിന്റെ എന്ന് പറയാൻ ഇന്നിൽ ഒന്നും തന്നെ അവ







ശേഷിക്കാതിരുന്നിട്ടും പാദ്രെ മോണ്ടി അന്ന് അവരുടെ ആവേശത്തിന്റെ മുന്നിൽ ഒന്ന് പകച്ചുനിന്നു...

വിശുദ്ധ അന്തോണിയേയും വിശുദ്ധ അസീസിയേയുമൊക്കെ Santo എന്നും, വാഴ്ത്തപ്പെട്ടവരെയെല്ലാം Beato എന്നും വിളിക്കുന്നവർക്ക് Beato Luigi Maria Monti എങ്ങനെ പാദ്രെ മോണ്ടിയായി... വൈദികനല്ലാതിരുന്നിട്ടും പാദ്രെ എന്ന വിശേഷണം എവിടെ നിന്ന് വന്നു എന്നതിന് ഉത്തരം തേടി അലഞ്ഞപ്പോൾ ഓർമ്മയിൽ വന്നത് സമുദ്രം എങ്ങനെ വറ്റിക്കാമെന്ന് വിശുദ്ധ അഗസ്റ്റിനെ കാണിച്ചുകൊടുത്ത ശിശുവിനെതന്നെയാണ്.

മൈക്കലാഞ്ചലോയുടെ സൃഷ്ടിയിൽ എനിക്ക് അനുഭവപ്പെട്ട അദൃശ്യകരങ്ങൾ ഇവിടെയും നടക്കുന്നുയെന്നതിൽ തെല്ലും സംശയമില്ലാതെ ഇവിടെ കുറിക്കട്ടെ...


തൊട്ടറിയണമെന്ന വാശിയുള്ള തോമസാണ് നീയെങ്കിൽ, അറിയാവുന്ന ഇറ്റാലിയനൊക്കെ വച്ച് Bovisio, Sarona, Orte, Cantu... എന്നീ സ്ഥലത്തുള്ളവരോടോ Ebra ലെ കുട്ടികളോടോ ചോദിക്കണം Chie Padre Monti?... ചോദ്യം മാറാതെ ശ്രദ്ധിക്കുമല്ലോ, 'പാദരെ'യെന്നു തന്നെയാവണം. എന്നിട്ടും നിന്നിലെ ചോദ്യം തീർന്നില്ലേൽ Sarona യിൽ അങ്ങ് സെല്ലറിൽ ഒരു കബറിടമുണ്ട്, അതിനോട് ചേർന്ന് ഒരു ബുക്കും, ഫോണിലെ ഗുഗിൾ ട്രാൻസ്ലേറ്റർ ഓണാക്കി Grazie... എന്ന് തുടങ്ങുന്ന എഴുത്തുകൾ വായിക്കുമല്ലോ?...

NB: Celler ൽ എല്ലാ സിമ്മുകൾക്കും റേഞ്ച് ഇല്ല, വൈഫൈ കണക്ഷനും ഇല്ല...



കഥ

# അരിമത്തിയായിലെ ജോസഫ്



ബ്ര. അജിത്ത് ബെന്നി

മോനേ നീ എന്നും ഗുരുവിന് കൂടെ ഉണ്ടാകണേട്ടോ. അദ്ദേഹത്തിൽ എന്തോ പ്രത്യേകതയുണ്ട്. അദ്ദേഹത്തെ മറ്റ് ആരൊക്കെ കുറ്റം പറഞ്ഞാലും നിന്റെ നാവിൽ നിന്നും അത് ഉണ്ടാകരുതുകേട്ടോ. റോസാ ഒരു കുഞ്ഞിനോട് എന്നപോലെ ജോസഫിനെ നോക്കി സ്നേഹത്തോടെ ഉപദേശിച്ചു. ഒന്ന് ദീർഘമായി നിശ്വസിച്ചതിനുശേഷം ഇല്ലമ്മേ, ഗുരുവിനെ എനിക്ക് കുറ്റം പറയാൻ തോന്നുവോ? അദ്ദേഹത്തിൽ സത്യമുണ്ട്, അദ്ദേഹമല്ലേ എന്നെ ഒരു മനുഷ്യനാക്കിയത് എന്ന് പറഞ്ഞു. ഇത് പറയുമ്പോൾ അവന്റെ കണ്ണുകൾ പ്രകാശിച്ചിരുന്നു. ചുണ്ടുകൾ വിറച്ചിരുന്നു. മുഖത്ത് ഒരു ആത്മവിശ്വാസം ഉണ്ടായിരുന്നു. അതേ, ഇന്ന് തനിക്ക് ഒരു പേരും സമൂഹത്തിൽ ഒരു സ്ഥാനവും ധനവും ഉണ്ട്. എല്ലാം ഗുരുവിന്റെ കൃപ തന്നെ.

അമ്മ മകനെ വാത്സല്യത്തോടെ നോക്കിയിട്ട് അവൻ തന്ന റൊട്ടിയും പിടിച്ചുകൊണ്ടിരുന്നു. ഒന്നോർത്താൽ എല്ലാം എത്ര പെട്ടെന്നാണ് മാറിമറിഞ്ഞത്. അന്ന് പത്രോസിന്റെയും യോഹന്നാന്റെയും കൂടെ വലവീശിയതു മുതൽ ജീവിതത്തിൽ വന്ന മാറ്റങ്ങൾ ഓർത്തുകൊണ്ട് ജോസഫ് കസേരയിലേക്ക് ചാഞ്ഞിരുന്നു. അന്ന് കൂടെ വഞ്ചിയിൽ ഉണ്ടായിരുന്ന പത്രോസിനെയും യോഹന്നാനെയും ഗുരു വിളിച്ചു കൊണ്ടു പോയപ്പോൾ ഭൂമി നടുവേ പിളർന്ന ഒരു തോന്നൽ ആയിരുന്നു. ആ ഗുരുവിനോട് തന്നെ ഒറ്റക്കാക്കിയതിന് തോന്നിയ ദേഷ്യവും വാശിയും ഓർത്ത് ജോസഫ് പതിയെ ചിരിച്ചു. അടുക്കളയിൽ നിന്നും സാറ ദൈവമേ, ഇയാള് തനിച്ചിരുന്നു ചിരിക്കുന്നു, ഇനി വല്ല വട്ടും ആയോ എന്ന് വേലക്കാരി മറിയയോട് തമാശരൂപേണ പറഞ്ഞു. അന്ന് സുഹൃത്തുക്കൾ പിരിഞ്ഞു പോയപ്പോൾ അനുഭവിച്ച ശൂന്യതയിൽ ജീവിതം തീരേണ്ടതായിരുന്നു.

പതിയെ ജോലിക്ക് പോകാതെ വീട്ടിൽ തന്നെ ഇരിപ്പായ ആ സാബത്തു ദിവസം ജോസഫിന് ഓർമ്മയിൽ വന്നു. അന്ന് ഗുരുവും പത്രോസും യോഹന്നാനും കൂടെ ഒരു ജനാവലിയും ഉണ്ടായിരുന്നു. യോഹന്നാന്റെ വീട്ടിലേക്ക് വന്നതാണ് കൂടെ തന്റെയും. അവരെ കണ്ടപാടെ ജോസഫ് ആദ്യം യോഹന്നാനെയും പിന്നീട് പത്രോസിനെയും പോയി കെട്ടിപ്പിടിച്ചു കരഞ്ഞു. ഇടയ്ക്ക് എപ്പോഴോ ഗുരുവിലേക്ക് ശ്രദ്ധ പോയപ്പോൾ ഗുരു തന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഇവരെ തനിക്ക് തിരിച്ചു തന്നുകൂടെ എന്ന് ചോദിക്കാൻ തുനിഞ്ഞപ്പോഴേക്കും, 'നീതിമാനും വിശ്വസ്തനുമായ നീ സമൂഹത്തിൽ ഉന്നതങ്ങളിൽ എത്തുകയും എനിക്കുവേണ്ടി പീലാത്തോസിന്റെ അടുക്കൽ പോവുകയും ചെയ്യും' എന്ന് പറഞ്ഞു. ഇത് കേട്ടപ്പോൾ ജോസഫ് തന്റെ കണ്ണുകൾ തുറന്നു വളരെ അസ്വസ്ഥനായി. എന്തായിരിക്കും ആ അവസാന വാക്കിൽ ഗുരു അങ്ങനെ പറഞ്ഞത്? ആ വലിയ മനുഷ്യന് എന്തിനാണ് എന്റെ ആവശ്യം? എന്തെങ്കിലും ആകട്ടെ, ഇന്ന് ഈ നിലയിൽ എത്തിയല്ലോ അതുമതി. പിന്നീട് നടന്നതെല്ലാം സ്വപ്നം പോലെയായിരുന്നു.

അവിടെനിന്ന് അരിമത്തിയായിലേക്ക് താമസം മാറിയതും അവിടുന്ന് എല്ലാം, ഒരു അത്ഭുതം പോലെയായിരുന്നു. ധനികനായി കൂടെ, ആലോചന സംഘത്തിലെ അംഗത്വവും! ജോസഫിന്റെ രോമങ്ങൾ സടകുടഞ്ഞ് എഴുന്നേറ്റു നിന്നു. അവന് തന്നോട് തന്നെ അഭിമാനമുണ്ടായി.

ഈ ആഴ്ച ഗുരുവിനെയും കൂട്ടുകാരെയും കാണാൻ പോകണമെന്ന് അവൻ മനസ്സിൽ ഉറപ്പിച്ചു. നീയറിഞ്ഞോ യേശുവില്ലേ, നിന്റെ ഗുരു, അദ്ദേഹത്തെ ഇന്നലെ രാത്രി പട്ടാളം പിടിച്ചുകൊണ്ടുപോയി കൊട്ടാരത്തിൽ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. മത്തിയാസിന്റെ ഒച്ച കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ ജോസഫ് പൊടുന്നനെ തന്നെ ഞെട്ടി വിറച്ചു. എന്തു ചെയ്യണമെന്നറിയാതെ ജോസഫ് വെപ്രാളം പൂണ്ടു.

നിയമജ്ഞർ ഗുരുവിനെ പിടികൂടാൻ നേരത്തെ തന്നെ പദ്ധതി ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന് ആർക്കും പിടികൂടാൻ സാധിക്കില്ല. എന്നാണ് കരുതിയത്. പക്ഷേ പിടിച്ചല്ലേ... അവർ ഇരുവരും കൂടെ വേഗം വീട്ടിൽ നിന്നിറങ്ങി ഗുരുവിനെ രക്ഷിക്കാൻ എങ്ങനെ സാധിക്കുമെന്ന് ചിന്തിച്ചു. തന്റെ ഒരു സുഹൃത്ത് പീലാത്തോസിന്റെ അരമനയിൽ ഉണ്ടായിരുന്നത് കൊണ്ട് അവർ അദ്ദേഹത്തെ സമീപിച്ചു. പക്ഷേ ഒരു കാര്യമുണ്ടായില്ല. ജനങ്ങളെയെല്ലാം പ്രമാണികൾ ഇളക്കിയിരുന്നു. ജോസഫ് നെട്ടോട്ടം തിരിഞ്ഞ് ഓടിക്കൊണ്ടിരുന്നു. ഇനി എന്തു ചെയ്യണം, എങ്ങനെ ചെയ്യണം എന്ന് അവന് അറിയില്ലായിരുന്നു. ആ രണ്ടു ദിവസം അവൻ മുട്ടേണ്ട വാതിലിൽ എല്ലാം മുട്ടിയെങ്കിലും വിഫലമായിരുന്നു പരിശ്രമം. ഒടുവിൽ എല്ലാത്തിനും ദൃക്സാക്ഷിയായി കണ്ടു നിൽക്കാനേ അവന് സാധിച്ചുള്ളൂ. അവസാനം ഗുരുവിന്റെ മൃതശരീരമെങ്കിലും വീണ്ടെടുക്കണമെന്ന വാശിയോടെ അവൻ വീണ്ടും പീലാത്തോസിന്റെ അടുക്കൽ ചെന്നു. ഒടുവിൽ വചനങ്ങളുടെ പൂർത്തീകരണത്തിനായി ആ വാതിൽ തുറന്നു. അവൻ തനിക്ക് ചെയ്യാൻ പറ്റുന്നവ ഏറ്റവും നല്ല രീതിയിൽ ആ ഭൗതീക ശരീരം സംസ്കരിച്ചു.

പലരുടെയും അവഗണനയും എതിർപ്പുകളും നേരിട്ടെങ്കിലും അവൻ തളരാതെ പിടിച്ചുനിന്നു. ആ രാത്രി... എല്ലാ മനോവേദനകളെയും തോൽപിച്ച് അവനും യാത്രയായി. തന്റെ ദൗത്യം നിർവഹണം നിറവേറ്റി കഴിഞ്ഞ്... ലോകത്തിനെന്നും അരിമത്തിയായിലെ ജോസഫ് എന്ന പേര് ഓർമിപ്പിച്ചുകൊണ്ട്...

അമലദൂത്

# ഗുരുവിന്റെ മഹത്വം



### ഗുരു ദീപംപോലെ
### അവൻ എവിടെയുണ്ടെങ്കിൽ പോലും
### വെളിച്ചം എല്ലായിടത്തേക്കും പരക്കും

''അതെ, ഗുരു ഒരു ദീപമാണ്''. ദീപം ഒരിടത്ത് ഉണ്ടായാൽ അതിന്റെ പ്രകാശം ആ ബിന്ദുവിൽ നിന്നും ചുറ്റുമുള്ള എല്ലാ ഭാഗങ്ങളിലേക്കും പരക്കുന്നതുപോലെ, ഒരു ഗുരുവിന്റെ വിജ്ഞാനവും ഉപദേശവും, ഒരിടത്ത് നിന്നും എല്ലാ ഭക്തന്മാർക്കും എത്തും. ഗുരുവിന്റെ സാന്നിധ്യം അയാളുടെ വിദ്യാർത്ഥികളുടെ മനസ്സുകളിലും ജീവിതങ്ങളിലും മാറ്റം വരുത്തും. അത് അയാൾക്കു ചുറ്റും ഉള്ളവരുടെ ആത്മീയ ഉണർവിനും വളർച്ചക്കും കാരണമാകും. അങ്ങനെ അപരന് ഒരു വ്യക്തിയായി മാറും.

എവിടേയോ വായിച്ച ഒരു കഥ നിങ്ങളുമായി പങ്കുവക്കാൻ ആഗ്രഹിക്കുകയാണ്. കഥ ഇങ്ങനെയാണ്. എല്ലാ ചോദ്യങ്ങളുടേയും ഉത്തരം ഉള്ളിലുണ്ടെന്നും അതു സ്വയം കണ്ടെത്തണം എന്നുമായിരുന്നു ഗുരുവിന്റെ ഉപദേശം. തന്റെ അടുത്ത് മാർഗനിർദേശങ്ങൾക്കായി ആരും വരരുതെന്ന ഉദേശ്യത്തോടെ ഗുരു മുറിയുടെ മുൻപിൽ ബോർഡ് സ്ഥാപിച്ചു. ഒരു ഉത്തരത്തിനു നൂറു നാണയം രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഒരു ശിഷ്യൻ വന്ന് നൂറു നാണയം നൽകീട്ട് ചോദിച്ചു. ഉത്തരത്തിനു വാങ്ങുന്ന തുക വളരെ കൂടുതലാണല്ലോ? ഗുരു പറഞ്ഞു: അധികമാണെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞു ഇനി ഉത്തരം പറയണമെങ്കിൽ നൂറു നാണയം കൂടിവേണം. അല്ലെങ്കിൽ സ്വയം ഉത്തരം കണ്ടെത്തുക. പിന്നീടാരും അദ്ദേഹത്തെ ശല്യപ്പെടുത്തിയിട്ടില്ല.

ഗുരുക്കന്മാർ എപ്പോഴും ആഗ്രഹിക്കുക തന്റെ ശിഷ്യരുടെ നന്മയാണ്. തന്റെ കൂടെ നിർത്തുവാനും അവനോടൊപ്പം തൻകാലിൽ നിർത്തുവാനും തന്റെ ശിഷ്യരെ അഭ്യസിപ്പിക്കുന്നു. ഇതിന്റെ വലിയൊരു ഉദ്ദാഹരണമാണ് മുകളിൽ നാം വായിച്ച കഥ. ഗുരുവെന്നത് ഒരിക്കലും ഒരു പേടി സ്വപ്നം അല്ല മറിച്ച്, അറിവും വെളിച്ചവും മറ്റുള്ളവർക്ക് ആര് പകരുന്നുവോ അവനാണ് ഗുരു. ഗുരു എന്ന പദം ശുദ്ധമായ അർത്ഥത്തിൽ ഗുരുത്വം നിറഞ്ഞവൻ എന്നതിനെ സൂചിപ്പിക്കുന്നു. 'ഗു' എന്ന അക്ഷരം അന്ധകാരത്തെയും, 'രു' എന്ന അക്ഷരം പ്രകാശത്തെയും സൂചിപ്പിക്കുന്നു. അതായത് അന്ധകാരം അകറ്റി വിജ്ഞാനത്തിന്റെ വെളിച്ചം നൽകുന്നവനാണ് ഗുരു എന്ന അക്ഷരം.

കട്ടിക്കാടച്ചന്റെ 'അവൾ' എന്ന പുസ്തകത്തിൽ ഇങ്ങനെ വായിച്ചതായി ഓർക്കുന്നു. ആദ്യാക്ഷരം കുറിച്ചുതന്ന അധ്യാപകനായ അപ്പനെ ഓർമ്മിച്ചു. അരിയിലെന്തിനാണ് എഴുതുന്നത്? അക്ഷരമാണ് ആത്മാവിന്റെ അന്നം! മണലിലെഴുതുന്നതോ? നിരന്തരമായ അഭ്യാസം എഴുതിയും മായിച്ചും! സ്വർണ്ണം കൊണ്ട് നാവിലെഴുതുന്നതോ? വാഗ്ദേവതയുടെ കടാക്ഷം കൊണ്ട് പെന്നാകട്ടെ നാവ്. വെറുതെ കണ്ണു നിറഞ്ഞു പോയി. ഒന്ന് ഓർത്തു നോക്കുകയാണെങ്കിൽ എത്ര മനോഹരമാണ് എന്തു വലിയ സുവിശേഷമാണ് നമ്മുടെ ഈ ജീവിതം.

ആദ്യാക്ഷരം കുറിക്കാൻ പഠിപ്പിച്ച അപ്പനും, ആദ്യമായി സ്നേഹിക്കാൻ പഠിപ്പിച്ച അമ്മയും, ഇവർ തന്നെയല്ലെ നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഗുരുക്കന്മാർ. അതുകൊണ്ടാവും നാം അനുസ്മരിക്കുക മാതാ പിതാ ഗുരു ദൈവം എന്ന്. എല്ലാ വർഷവും സെപ്റ്റംബർ 5-ാം തീയതി നാം അധ്യാപകദിനം ആഘോഷിക്കുകയാണ്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. സർവ്വപ്പള്ളി രാധാകൃഷ്ണൻ തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ അഭിമാനം കൊണ്ടത് താൻ ഒരു അധ്യാപകനായിരുന്നപ്പോളാണ്, അതിനാൽ തന്നെ ഒരു അധ്യാപകനാണെന്ന് പറയാനായിരുന്നു അദ്ദേഹത്തിന് ഏറ്റവും ഇഷ്ടം. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ ജന്മദിനം നാം അധ്യാപകദിനമായി കൊണ്ടാടുന്നത്. അതിനാൽ നമ്മുക്ക് പരസ്പരം നന്ദിയുള്ളവരാകാം കാരണം അറിവ് പകരുന്നവനാരോ അവനാണ് ഗുരു. അവസാനമായി നമ്മുക്ക് ഓർക്കാം. ഒരു ഗുരുവിന്റെ പാദസമ്പർക്കം, ശിഷ്യന്റെ ജീവിതത്തിന്റെ മാലാഖയാകുന്നു.






# SUMMER SMILES...

An article on Odisha Mission

Br. Tom Shaji CFIC

Our journey began from the lush greenery of Kerala to the vibrant state of Odisha. We, five brothers (Bros. Stefin, Anil, Tom, Mahesh and Jeswin) embarked on this adventure with the goal of making a positive impact of the summer camp. The camp was to last for fifteen days at St Joseph Nivas, one of the formation houses of CFIC Indian Province. The camp was all set, promising a plethora of activities, learning experiences, and memorable moments. What I share with you now is the essence of our journey, the activities that we conducted and the joy we shared with the children.

**ARRIVAL**

It was in the month of May 2024, that we were asked to set out for a new mission in Odisha. For a moment, that news was surprising. We were bit nervous on the new Endeavour. Unknown people, unfamiliar language and a varied culture; all these thoughts made us to think that this is going to be a challenging one.

The first day was primarily on setting the base. We were warmly welcomed by the superior of the community Fr. Nelse Eyalil along with Fr. Debendra Nath Nayak, Fr. Uchhaba Pradhan, Fr. Thomas Melvettom and by the aspirants and the children. The Children were so excited to see us. We introduced ourselves to the children and gave them an open forum to ask anything that comes to their mind. The children in turn shared their names and interests, setting a stage for a bond that would grow stronger over the coming days.

**INITIAL DAYS AND TEAM BUILDING**

The initial days were dedicated only for short gaming sessions and action songs, which gave them a lot of enthusiasm and vigor. Slowly we had them in groups, and conducted various activities, hoping that these would build their interaction with others.

The only confusion that still haunted us was the mode of communication. As I mentioned before, new culture,



"The Summer Camp in Odisha was an enriching experience for both the children and us. The cultural beauty of Odisha, combined with the warmth and enthusiasm of the children, made this journey unforgettable. This journey left a lasting impression on us. We returned to Kerala with hearts full of unforgettable memories.

new people, unknown language etc. were the main barriers before us. But in short time, we understood that language is not at all a barrier for communication. They gave their full cooperation which made us to wonder. The children's modesty, politeness and the way they respond to the situations given were appreciated. Their innocent smiles and enthusiastic participation were heartwarming, setting a positive tone for the rest of the camp.

**EDUCATION WORKSHOP**

Our focus then shifted to small educational workshops on topics like basic hygiene, respect for elders, environment and cleanliness etc. They showed remarkable curiosity and eagerness to learn. Their willingness to learn and their quick grasp of new concepts were truly impressive. Midway through the camp, brothers organized various sports and recreational activities. Football was one among their favorites. It was the first experience for us, and we found ourselves deeply engaged in their fun and excitement.

**CULTURAL EXCHANGE**

One of the main highlights of the camp was the cultural sessions. We introduced certain action songs, dances, and other activities, which they did without any hesitation. The elegance with which the children performed their traditional dances like 'Tange Tange' and 'Sadri dance' were captivating. We too joined with them and these exchanges deepened our bond and appreciation for each other's cultural heritage.

**FAREWELL**

As the camp neared its end, we spent the last few moments reflecting on our experience along with Fr. Superior and other members of the community. We organized a small gathering where the children were sad to realize that we were leaving. The children's respectfulness and gratitude were evident in their heartfelt gestures. The farewell was emotional, with promises to keep in touch and cherish the memories created.

**CONCLUSION**

The summer camp in Odisha was an enriching experience for both the children and us. The cultural beauty of Odisha, combined with the warmth and enthusiasm of the children, made this journey unforgettable. This journey left a lasting impression on us. We returned to Kerala with hearts full of unforgettable memories.

This journey not only allowed us to imbibe certain skills but also taught valuable lessons in adaptability and the power of community.




# RIPPLE

Br. Sherin Nediyakalayil CFIC

All the films that we watch cannot touch the bottom of our hearts. We don't even bother to recall the names of a few while certain ones are ever remembered. The famous short film 'Ripple' directed by 'Daniel Yam' is an exceptional work of the latter kind with its simple style of presentation and heart-stirring plots. Within the duration of just five minutes, this amazing short film moves our minds to a mixture of emotions and by the end of it, I am sure, our eyes will well up for a reason unknown. My intention, here, is not to attempt a systematic review as such but just a few jottings on my own experience of watching "Ripple".

The opening scene is set at a hypermarket where a grandma, with her grandkids busy with shopping things. She seems to be so choosy to select things at an off price and discourages her granddaughter not to buy anything of high cost. At one point the granddaughter is saddened as she cannot purchase anything she likes due to their lack of enough cash. Actually, this shopping is in connection with their grandpa's birthday celebration and the grandma tells the little girl to buy something for him. Thus, she rushes to the cake session and finds a peach fruit cake, the favourite one of grandpa. But before she reaches it with her hand, a well-dressed young man picks it up. Seeing the girl disappointed, he hands it over to her and searches for another one.

However, the poor grandma cannot afford the costly cake and the little girl persists on the same. Yet, the grandma cannot but return it.

Meanwhile the previous young man intervenes. He pays for it despite grandma's resistance and gives the little girl what she has selected. "You have no reason to buy this for us" says the honourable old lady and with the intention of paying him back his money she asks for his phone number.

At this juncture, instead of giving them the contact details, the young man opens up his childhood story of how much his mother wanted to buy him a cake once for

> **"a simple act of caring creates an endless ripple that comes back to you"**


the birthday though she was helpless and cashless and how a gentle man sacrificed his cake for this young man and went away empty handed. The young man had no clue who that gentleman was. But for him the gentleman is a "man in the queue. All he had was a note written by the gentleman which reads; "a simple act of caring creates an endless ripple that comes back to you". The gentleman also gives the little girl a small sheet of paper with something written in it and makes her promise she will also certainly help people in need.

Reaching home after the shopping, they present the grandpa, who is constrained to a wheelchair, with the cake and wishes him the greetings. He happily thanks the children and asks the grandma why she should spend such a huge amount for it. She then narrates him how they received the cake and here the little girl gives the grandpa the small note written by the young man. It reads "a simple act of caring creates an endless ripple that comes back to you".

This small note brings grandpa into tears and he recollects how he could be "the man in the queue" of the young man's story. The end of the film is marked by showing rain drops falling into water making endless 'Ripples'.

My narration may tell you the story but I assure you that this is not a spoiler. For my words are truly insufficient to convey the profound experience of watching "Ripple". One thing, however, I can promise you that this short movie will definitely cause a drop of love to fall in your heart and make endless ripples out of it.





Bicentenary of the Birth of
Blessed **Luigi Maria Monti**
(1825 - 2025)

# IN THY LIGHT, DO WE SEE LIGHT ?

**Br. Antony Jose Kuttikadan CFIC**

Light is one of the best symbol to indicate the hope and the guidance in the human life. In our Christian life Jesus stands as the brightest source of light as the Sun and the saints are the stars which remind us of the bright light. On this bicentenary year of the Birth of our founder Padre Monti, it is the time to think about this star of our religious life more and more. A continuous day to day reflections on his life and virtues are necessary to boost and renew our style of life. For every son of immaculate conception and for every friends of it he resembles the star of Bethlehem "… the star which they had seen in the East went before them, till it comes to rest over the place where the child was." (Matt. 2.9).

He leads us to Christ – in the sick and the orphans and the needy youth. So in every desperate moment of our life and when we lose our way from the real project of God, lift up our heads and look to the sky, the radiance of hope from this light takes us closer to God. As Maggie, we would be gladdened – "When they saw the star, they rejoiced exceedingly with great joy." (Matt. 2.10). Hence his sanctity is a shining star that guides all those who travels to Christ. And this star was raised from Bovisio two hundred years ago for the church and rests at Saronno his solace and at where he has placed his heart. At this bicentenary year, Bovisio – where it all started and Saronno – where he placed his heart call us to shine like a star by burning in the love of God.

## Bovisio – "Here it all Started"

The opening of the Jubilee celebrations of the Bicentenary year of the birth of Padre Luigi Maria Monti has begun on 21st July at the Parish of San Pancrazio in Bovisio Masciago by the solemn mass presided by our Most Rev. Superior General, Fr. Benny Mekkatt. The baptismal font where Padre Monti was baptized on the same day of his birth remained as a silent witness among us. It was here, in this parish, on the visit of his late times he told to his children, "Here it all started". They might have not experienced anything form those words. But that was a summary of his life. At present, these words contain deep sense of meaning for all those who know about his life. His purpose of life was determined by birth on church. When he was born on the world, soon he was baptized and born in Christ. It is a rare occasion and happens only in a spiritual family.

The general meaning which it can imply is one's life is determined in God begins here, at baptism, the entrance to the Church. Directly or indirectly it signifies everyone's vocation. first the call to Christian life and the second, the call to one's state of life. Every vocation begins at home. Family is the first house of formation for every stage of life. For Padre Monti his home was the only house of



formation. God formed him at his home with his paternal love and blessed him by the grace to have a cordial heart to welcome everyone with which he welcomed many in his later life, especially the orphans and the sick. The company of friars, metaphorically represents the first community of our congregation, was a fruit of his welcoming nature. In a way, Bovisio was not just a birth place for him. The foundation of his entire life is there. His spiritual anima, his childhood memories and miseries. His entire being was began from there. There is his root of life.

When we trace back to his initial life, the roots of his spirituality are grounded on the soil of his home country and the surroundings. We find a lot of material that our congregation keeps to the heart. The Sanctuary of Mary at Rho at where he expressed his desire to become saint which reminds his Marian devotion from the early age. The Montina, a small elevated plain from the farm fields, where he and his companions experienced Christ like the first community. The Montian Cross we have, the product of his carpentry is the relic of this company of friars. And that requests for a solid and regular community prayer.

The 72 days' prison at Desio, the judgment and the release as innocents at his very young ages was anticipation of his sufferings. Later in his life at Santo Spirito and in his institute itself he has been judged and at the end was confirmed his innocence. But after every trials and tribulations he humbled more and more, he bended the most and with total surrender to God and trusting His providence he lived till the death without claiming what he made and without praising the fruits of his works. He just blessed his children with the statue of mother Mary and left peacefully as a Moses. When his life ends at Saronno his memories where roaming around his childhood days. The visit to Bovisio with the children was a result of this. He walked again in the past and saw what great deeds God has done to him. He realized that He lifted up the lowly (Lk 1.52).

Padre Monti identifies his entire being in this place, particularly in the baptismal font. It was out his spiritual conviction he uttered the words "Here it all started". He did not choose The Sanctuary of Rho where he told his desire to become saint, he did not choose Montina where he prayed, he did not chose his workshop where he reflected, prayed and worked. He chose the baptismal font and acknowledged that there it all started. Christian life begins here. The call to holiness, the call to charity. Therefore, his bicentenary year is not only relevant for us. As the motto implies, it is relevant for every Christian. Indeed, for every Christian who knows this saint and to whom we proclaim about his holiness on this occasion are asked to reflect upon his call to Christian life by baptism, the life oriented to God.

## Saronno – "I Place My Heart Here"

The Cammino Montiano is almost a fifteen kilometers walk from Bovisio to Saronno. From the birth place of



Padre Monti to his tomb, from where it all began to where he placed his heart. The seventy-five years of life of Padre Monti is connected with fifteen kilometers. It enacts life as a journey. It offers a realization that all journey cannot be on good roads. It always has some adventures for those are chosen. The statue of Padre Monti at Bovisio which shows to Saronno by closely holding a child in his religious habit represents how his life had been and is being with his mission. The house of Saronno which was bought by miraculous intervention of St. Joseph was always a special place for Padre Monti. It became mother house of the congregation and the mother house for the orphans. Every child was welcomed there and groomed to live a virtuous life. So his visit to Bovisio with children from Saronno was not only a journey to recollect his memories but also it was an exhibition of his own life to the children. Then how close he could have been with the children, as a true father he took care of them. Hence the visit to Bovisio was an exploration to know there loving Padre. That means as a surprise, the first Cammino Montiano was this one, the walk with Padre Monti from Saronno to Bovisio. In short, from the heart to roots.

Though the memories of Padre Monti about Bovisio is highlighted in the motto of the bicentenary, the memories about him is concentrated in Saronno, at the mother house of The Sons of the Immaculate Conception. He rests there. He placed his heart at Saronno with the children. He placed his heart at where he saw the Christ in the sick and in the orphans. At Saronno he is still there as a father with paternal love. The placement of his statue with relic inside has made him now more visible and more alive. This act of exposition is a sign that his sanctity will be more proclaimed now in the world and especially in this year. At Saronno, the sanctuary of Padre Monti has become a spiritual fortress on this occasion of bicentenary. The humble and charitable servant of God, the father of orphans rests here. The journey of seventy-five years has only a distance of fifteen kilometers. But in that span of time he made his presence visible. There everything began and here he rests.

“

In this Bicentenary year of his Birthday, we are united around his baptismal font placing hand over hand on the font to renew our spirit, life and vision by reflecting his words. The first hand under all of us on this font is the hand of Padre Monti. Since he is the first one of us he is more obliged to make us in union with Christ. And he does so.

Padre Monti who knew the way he moved on. He did not know the destination and he was not worried of it. He trusted everything on God and it all began from the birth as a christian. So, on this bicentenary year of his birthday, we are united around his baptismal font placing hand over hand on the font to renew our spirit, life and vision by reflecting his words. The first hand under all of us on this font is the hand of Padre Monti. Since he is the first one of us he is more obliged to make us in union with Christ. And he does so. Thus, we, the current witnesses of Christ as Sons of Immaculate Conception are in union with the founder to relive the religious life with him, in true spirit and charity. In reality, this is a promise of him that he accompanies us in our religious life. As this year requests a special commemoration on our founder, each one of us is called by him to walk with him personally, a Montian walk (Il Cammino Montiano).



# NAAC PEER TEAM VISIT 1 (1ST CYCLE)

















# NAAC PEER TEAM VISIT 2 (1ST CYCLE)



















CHILDREN'S MISSION
OF CFIC INDIA
ST. JOSEPH NIVAS
BOYS' HOME
india
SERAMA, ODISHA
INDIA
STAY STRONG

# CHILDREN'S MISSION OF
## CFIC INDIA

**SNEHASADHAN BOYS' HOME, BANGALORE**






**AMALODBHAVI BOYS HOME, NUZVID, A.P**




# Children's Mission of CFIC India

Snehasadhan Boys Home Bangalore

Amalodbhavi Boys Home, Nuzvid, A.P

St. Joseph Nivas Boys Home, Gunpur, Odish




MIIMS
MONTI INTERNATIONAL
INSTITUTE OF MANAGEMENT STUDIES
Approved by AICTE, New Delhi; Affiliated to University of Calicut
GET THE EDGE TO SUCCEED...
MBA
Admission Continues..
For 2024-2026 Batch
For more information...
8606258555
9061258555
100% Placement Assistance
YES BANK
HDFC Life
SILVAN
TILES GALLERY
ESAF
SBI Life
Apne liye. Apno ke liye.
DATACUBE
Arvind
FASHIONING POSSIBILITIES
ITC Limited
Asianet








New Aspirants and Postulants with our community members




## GUEST MEMBERSHIP

Guest members are welcomed for a period of 1 to 11 months with pre-determined monthly rent and daily food and other expenses.

## MONTI HOME OFFERS

**SINGLE & DOUBLE ROOMS WITH A BALCONY**

**DELUXE SIZE ROOM WITH WIDE VIEW TO NATURE**

**FULLY FURNISHED AIR-CONDITIONED ROOMS**

**CONTACT US**

Director
**+91 8590685201, +91 9731260529**
Cheriyavappalassery, Angamaly South P.O 683573,
Ernakulam (Dist), Kerala, India.
Email: montihomeangamali@gmail.com
Website: montihome.org